9
2022
ഫെബ്രുവരി
ബുധൻ
മകരം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 235 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-235 | പേജ് 4. വില 2.00 രൂപ



02 മരം മുറി: സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥനെ തിരിച്ചെടുത്തു

03 ടയർ നിയന്ത്രണം പിൻവലിച്ചു; സ്കൂളുകൾ 28 മുതൽ വൈകുന്നേരം വരെ

04 വാട്ടർ അതോറിറ്റിയിൽ ഉപഭോക്തൃ സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ


# സ്കൂളുകളും കോളേജുകളും പൂർണ്ണതോതിൽ ഫെബ്രുവരിയിൽ



സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും മുഴുവൻ വിദ്യാർഥികളെയും ഉൾപ്പെടുത്തി രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കാൻ ഫെബ്രുവരി അവസാന വാരത്തോടെ സജ്ജമാക്കാൻ കോവിഡ് അവലോകനയോഗം തീരുമാനിച്ചു. അതിനുവേണ്ട തയ്യാറെടുപ്പുകൾ സ്കൂളുകളിൽ ആരംഭിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. അതുവരെ പകുതി വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തി ക്ലാസ്സുകൾ നടത്തും.

ഫെബ്രുവരി നാലിലെ വർഗ്ഗീകരണം അനുസരിച്ച് ജില്ലകളിലെ നിയന്ത്രണങ്ങൾ തുടരും.

ആലുവ ശിവരാത്രി, മാരാമൺ കൺവെൻഷൻ, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ചടങ്ങുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൂടുതൽ പേർക്ക് പങ്കെടുക്കാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കും. വടക്കേ മലബാറിൽ ഉത്സവങ്ങൾ നടക്കുന്ന മാസമാണ് ഫെബ്രുവരി. ഇവിടങ്ങളിലും ക്രമീകരണങ്ങൾ വരുത്തി കൂടുതൽപേരെ പങ്കെടുക്കാൻ അനുവദിക്കും.

കോവിഡാനന്തര രോഗവിവിരങ്ങൾ രേഖപ്പെടുത്താൻ പോസ്റ്റ് കോവിഡ് രജിസ്ട്രി ആരംഭിക്കുന്ന കാര്യം ആരോഗ്യ വകുപ്പ് പരിശോധിക്കണം.

പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് സംസ്ഥാന തലത്തിൽ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ ഡെപ്യൂട്ടി ഡിഎംഒ തലത്തിലും ചുമതല നൽകിയിട്ടുണ്ട്.

ആശുപത്രികളിൽ പ്രത്യേകിച്ച് മെഡിക്കൽ കോളേജ് ആശുപത്രികളിൽ കോവിഡ് ജോലിക്ക് നിയോഗിക്കപ്പെട്ടവർ സമയബന്ധിതമായി എത്താത്തത് പലപ്പോഴും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് ഗൗരവമായി പരിഗണിച്ച് പരിഹരിക്കണം. ഗുരുതരാവസ്ഥയിലുള്ളവരെ സീനിയർ ഡോക്ടർമാർ കൂടി പരിശോധിക്കണമെന്ന് നേരത്തെ തീരുമാനിച്ചതാണ്. ഇത് നടപ്പാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് ആരോഗ്യവകുപ്പിന് മുഖ്യമന്ത്രി നിർദ്ദേശം നൽകി.

ചില സ്വകാര്യ ആശുപത്രികൾ അനാവശ്യമായി മോണോ ക്ലോണൽ ആന്റി ബോഡി ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ആരോഗ്യവകുപ്പിനോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

# പ്രതീക്ഷയുടെ മുനമ്പിൽ; ബാബുവിനെ രക്ഷിക്കാൻ കരസേനയും വ്യോമസേനയും വരുന്നു



പാലക്കാട്: മലമ്പുഴ ചെറാട് കറുപ്പാച്ചി മലയിൽ കുടുങ്ങിയ യുവാവിനെ രക്ഷപ്പെടുത്താൻ കരസേനയും വ്യോമസേനയും എത്തുന്നു. രക്ഷാപ്രവർത്തനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ സേനയുടെ സഹായം തേടിയ സാഹചര്യത്തിലാണിത്.

മലമ്പുഴ ചെറാട് സ്വദേശി ആർ. ബാബു(23)ആണ് മലയിൽ കാൽ വഴുതി വീണ് കുടുങ്ങിയത്. ഇയാൾ ഇപ്പോഴും മലയിടുക്കിലെ ചെറിയ ഗുഹയിൽ ഇരിക്കുകയാണ്. തിങ്കളാഴ്ച ഉച്ചയോടെ അപകടത്തിൽപ്പെട്ട ബാബുവിന് ഇതുവരെ ഭക്ഷണമോ വെള്ളമോ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

കരസേനയുടെ ദക്ഷിൺ ഭാരത് ഏരിയയുടെ പ്രത്യേകസംഘം ബംഗളൂരുവിൽ നിന്ന് പുറപ്പെട്ടതായി ദക്ഷിൺ ഭാരത് ഏരിയ ലഫ്. ജനറൽ അരുൺ മുഖ്യമന്ത്രിയുടെ ഓഫീസിനെ അറിയിച്ചു. പർവതാരോഹണത്തിലും രക്ഷാപ്രവർത്തനത്തിലും പ്രാവീണ്യം നേടിയ സംഘം റോഡ് മാർഗമാണ് പുറപ്പെടുന്നത്. രാത്രി ഹെലികോപ്റ്റർ യാത്ര അസാധ്യമായതിനാലാണിത്.

മലമ്പുഴ രക്ഷാ ദൗത്യത്തിനായി കരസേനയുടെ മറ്റൊരു യൂണിറ്റ് വെല്ലിംഗ്ടണിൽ നിന്ന് ചൊവ്വാഴ്ച രാത്രി 7.30നു പുറപ്പെട്ടു. രക്ഷാദൗത്യത്തിൽ വ്യോമസേനയും പങ്കാളികളാകും. ബംഗളൂരുവിൽ നിന്ന് പാരാ കമാൻഡോകൾ പുറപ്പെട്ടു. അവരെ വ്യോമ മാർഗം സുലൂരിൽ എത്തിക്കും. അവിടെ നിന്ന് റോഡ് മാർഗം മലമ്പുഴയിലെത്തുമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം ദുഷ്കരമായതോടെയാണ് കര വ്യോമ സേനകളെ വിളിക്കാൻ അധികൃതർ തീരുമാനിച്ചത്. യുവാവ് മലയിടുക്കിൽ കുടുങ്ങിയിട്ട് 29 മണിക്കൂർ പിന്നിട്ടു. ചൊവ്വാഴ്ച വൈകുന്നേരം ആറുവരെ ഗുഹയിൽ ഇരുന്ന് ബാബു ഷർട്ട് ഉയർത്തി വീശി കാണിക്കുന്നുണ്ടായിരുന്നു. പിന്നീട് പ്രതികരണം ഉണ്ടായില്ല.

തൻറെ കാലിന് പരിക്കേറ്റ ചിത്രങ്ങൾ ബാബു അയച്ചു നൽകിയിട്ടുണ്ട്. ബാബുവിന് അരികിലേക്ക് രക്ഷാപ്രവർത്തകർ എത്തിയെങ്കിലും ചെങ്കുത്തായ മലയിടുക്കിലേക്ക് എത്താനാവാതെ തിരിച്ചു പോകുകയായിരുന്നു. ദേശീയ ദുരന്ത നിവാരണ വിഭാഗത്തിൻറെ ഒരു സംഘം നിലവിൽ ബാബു കുടുങ്ങി കിടക്കുന്ന പാറക്കെട്ടിന് അടുത്തു ക്യാമ്പ് ചെയ്യുന്നുണ്ട്. എന്നാൽ ഇവർക്കും ബാബുവിനെ നേരിൽ കാണാൻ സാധിക്കില്ല. താഴെ നിന്നു നോക്കിയാൽ മാത്രമേ യുവാവിനെ കാണാൻ സാധിക്കൂ.

കഷ്ടിച്ച മൂന്നടി നീളമുള്ള ഒരു മലയിടുക്കിലാണ് യുവാവുള്ളത്. ഇവിടേക്ക് മറ്റു മൃഗങ്ങൾക്കും എത്തിച്ചേരാൻ സാധിക്കില്ല. എന്നാൽ ഭക്ഷണമോ വെള്ളമോ കിട്ടാതെ യുവാവിന് ഒറ്റയ്ക്ക് അധികം സമയം അവിടെ തുടരാനുമാവില്ല.

## കോവിഡ് ഡ്യൂട്ടിക്ക് ഹാജരാകാത്ത രണ്ട് ഡോക്ടർമാരെ പിരിച്ചു വിട്ടു

കോവിഡ് ഡ്യൂട്ടിക്ക് ഹാജരാകാത്ത തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാരെ പിരിച്ചുവിട്ടു. സീനിയർ റെസിഡന്റുമാരായ ഡോ. ജിതിൻ ബിനോയ് ജോർജ്, ഡോ. ജി.എൽ. പ്രവീൺ എന്നിവരെയാണ് പിരിച്ചുവിട്ടത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ കർശന നിർദേശത്തെ തുടർന്നാണ് നടപടി.




## സോമവിചാരം

സോമേട്ടൻ നമ്മളെ വിട്ടു പോകുന്നതിനും ഒരാഴ്ചമുൻപ് സോമവിചാരത്തിനായി എഴുതി തന്ന നാലു കുറിപ്പുകളിൽ ഒന്നാണിത്.നോട്ടിക്കൽ ടൈംസ് കേരളക്ക് സോമേട്ടൻ നൽകിയ സ്നഹവും പിൻതുണയും എനിക്കായി നൽകിയതാണോ എന്നു തോന്നിയിട്ടുണ്ട്..എന്തിനാണ് ഇതൊക്കെ ചെയ്തു തന്നതെന്നും മനസിലാകുന്നില്ല.ഒന്നും പറയാതെ പോയ സോമേട്ടൻ കുറിച്ചിട്ട വിചാരങ്ങൾ അതതു സന്ദർഭങ്ങളിലും അല്ലാതെയും പ്രസക്തമാണ്.സോമേട്ടന്റെ വിടവാങ്ങൽ സോമവിചാരം വൈകിച്ചുവെന്ന പറഞ്ഞാൽ അദ്ദേഹം സമ്മതിക്കില്ല.എന്റെ ഉദാസീനതയാണ് ക്ഷമിക്കുക.

യേശുദാസ് വില്യം.
നോട്ടിക്കൽ ടൈംസ് കേരള.

# ഞാനൊരു വിശ്വപൗരൻ: ശശിതരൂരിനും മുമ്പേ...

എന്റെ നാട്ടിൽ ചില പിരാന്തൻമാർ ഉണ്ടായിരുന്നു.അക്കൂട്ടത്തിൽ ഓരാളാണു ഞാൻ.എന്റെ നാടന്നു പറഞ്ഞാൽ വള്ളിക്കുന്ന്.മലപ്പുറം ജില്ലയിൽ കോഴിക്കോടിനോട് അതിരിട്ടു നിൽക്കുന്ന ഗ്രാമം.റവന്യൂ ഭാഷയിൽ ഞാനൊരു മലപ്പുറത്തുകാരൻ.സാസ്കാരികമായി കോഴിക്കോട്ടുകാരനും.അത്തരം ഒരുപാടുപേരെ എനിക്കറിയാം.തിരുവില്വാമലക്കാരും ചേലക്കരക്കാരും റവന്യൂ കണക്കിൽ തൃശൂർക്കാരാണ്.എന്നാൽ സാംസ്കാരികപരമായി അവർ പാലക്കാട്ടുകാരാണ്.പെരിന്തൽമണ്ണ,അലനെല്ലൂക്കാരെല്ലാം റവന്യുപരമായി മലപ്പുറത്തുകാർ.സാസ്കാരികമായി പാലക്കാട്ടുകാർ.ഒരു പുഴ, ഒരു പാലം മതിയല്ലോ റവന്യുക്കാർക്ക് ആളുകളെ വിഭജിക്കാൻ.

ഞാൻ എന്റെ ജില്ലാ ആസ്ഥാനമായതു മൂന്നു തവണ മാത്രം.ഒന്ന് തൃശൂരിൽ നിന്നു പെരിന്തൽമണ്ണ വഴി കോഴിക്കോട്ടേക്കു പോകുന്ന ബസ് മലപ്പുറത്തു വെച്ചു ബ്രേക്ക് ഡൗണായി.അന്നു ഞാൻ ആദ്യമായി മലപ്പുറത്തിന്റെ മണ്ണിൽ തൊട്ടു.പിന്നെ ഒരു ദിവസം പാണക്കാട് ശിഹാബ് തങ്ങളെ ഇന്റെർവ്യു ചെയ്യാൻ ദിവസവും നേരവും നിശ്ചയിച്ചു ചെന്നു.തങ്ങളുടെ ദ്വിഭാഷിയായ കുഞ്ഞാലിക്കുട്ടി സായവ് സ്ഥലത്തില്ലാത്തതിനാൽ കാര്യം നടന്നില്ല. ശിഹാബ് തങ്ങൾ സംസാരിക്കുന്ന ഭാഷ എനിക്കറിയില്ല എന്നായിരുന്നു അവരുടെ വിചാരം.അതോടെ ഞാൻ മലപ്പുറത്തുകാരനല്ലന്ന വിശ്വാസം എന്നിൽ വേരുറച്ചു.മൂന്നാം വട്ടം പോയതു സിപിഎം സമ്മേളത്തിനാണ്.കോടിയേരിയും പിണറായിയും എന്നെക്കണ്ടതു കണ്ണൂർക്കാരനായിട്ടാണ്.എനിക്കതിൽ പരാതിയില്ല.എന്റെ മകൾഎസ് എസ് എൽ സി പാസ്സായത് ഏഴു സ്കൂളുകളിൽ പഠിച്ചിട്ടാണ്.സംശയമുള്ളവർക്ക് വീട്ടിൽ വന്നാൽ സംശയനിവൃത്തി വരുത്താം.ഏഴു യൂണിഫോമും വീട്ടിൽ ഇസ്തിരിയിട്ടു സൂക്ഷിച്ചിട്ടുണ്ട്.പത്തു യൂണിഫോം വേണമെന്നായിരുന്നു അവളുടെ ആഗ്രഹം.അതു നടന്നില്ല.

കോട്ടയത്തുള്ള കാലത്തു പലപ്പോഴും രാവിലത്തെ ഭക്ഷണം കഴിക്കുന്നത് അടുത്ത വീട്ടിലെ ഒരു പ്രൊഫസറുടെ വീട്ടിൽ നിന്നാണ്.അവൾ തിരിച്ചു വരുമ്പോൾ ഞാൻ ചോദിക്കും: എന്താ കഴിച്ചത്? നമ്മൾ നൂൽപ്പുട്ടെന്നും തൊരച്ചരുടെ മോൻ ജോൺസൺ ഇടിയപ്പം എന്നു പറയുന്ന സാധനം.നാലുവയസ്സുള്ള കുട്ടിക്ക് പ്രഫസർ തൊരച്ചരായതിൽ മാപ്പു കൊടുക്കാമല്ലോ..

പിന്നെഞാൻ വീണ്ടും കണ്ണൂരിലെത്തി.' അച്ചാ, ബല്ലാത്ത ബയറുവേദന,ബെശക്കുന്നു' എന്നൊക്കെ അവൾ പറയാൻ തുടങ്ങി.ഓരു ദിവസം ഞാൻ ചോദിച്ചു: മോളേ, നീ കൂട്ടുകാരികളെ എന്താ എണേ എന്നു വിളിക്കാറുണ്ടോ.?അവളുടെ മറുപടി എന്നെ ഞെട്ടിച്ചു. ' അച്ചാ ഞാൻ വിളിക്കുന്നത് എന്തെന്നാണേ..എന്നാണ് ' ശരിയാണ്,അതാണു ശരി കണ്ണൂർ പേച്ച്. ഒടുവിൽ ഞങ്ങൾ തിരുവനന്തപുരത്തെത്തി.ഭാര്യ തൃശൂർക്കാരി.രണ്ടു വർഷം മകളും അവിടെ പഠിച്ചു.ഒടുവിൽ ഒരു ദിവസം അവൾ എന്നോടു ചോദിച്ചു. ' അച്ചാ,നമ്മൾ എവിടുത്തുകാരാണ്.കോട്ടയമോ,കൊല്ലമോ,ഇടുക്കിയോ,മലപ്പുറമോ,കണ്ണൂരോ,തിരുവനന്തപുരമോ എന്റെ നാട് ' എനിക്ക് ഉത്തരം മുട്ടി എങ്കിലും മുട്ടായുക്തിക്ക് ഉത്തരം മെനഞ്ഞെടുത്തു. ' അച്ഛൻ വിശ്വപൗരനാണ് '.അന്നു ഞാൻ വിശ്വപൗരനായി മാറി.ശശി തരൂർ ആകുന്നതിനു പതിറ്റാണ്ടുകൾക്കു മുമ്പേ.

ഇപ്പോഴും ഞാൻ എവിടുത്തുകാരനാണന്നതിനെക്കുറിച്ച് എനിക്കു തന്നെ വലിയ പിടിപാടില്ല.ഞാൻ ജീവിച്ച ജില്ലകൾ പഠിച്ച ജില്ലകൾ പലതാണ്.ഏറ്റവും കൂടുതൽ ജീവിച്ചതു തിരുവനന്തപുരത്ത്.എങ്കിലും എനിക്ക് ഏറ്റവും ഇഷ്ടം ഇടുക്കിയോട്.ഡൽഹിയിലും രണ്ടുവർഷം ജോലി നോക്കി.അതിനർത്ഥം മറ്റുള്ളവർ ജോലി ചെയ്യുന്നതു ഞാൻ നോക്കി നിന്നു എന്നാണ്. ഞാൻ ഇപ്പോൾ സംസാരിക്കുന്ന മലയാളം ബുൾഡോസർ കൊണ്ട് ഇടിച്ചു നിരപ്പാക്കിയ ഭാഷയാണ്.എന്റെ വള്ളിക്കുന്നിൽ പോകുമ്പോൾ മാത്രമേ ഞാൻ എന്റെ ഭാഷ സംസാരിക്കാറുള്ളു.അവിടുത്തെ ചായപ്പീടികയിൽ ചെന്നു ഞാൻ കോട്ടയം ഭാഷയോ തിരുവനന്തപുരം പേച്ചോ പറഞ്ഞാൽ പഴയ ചായപ്പീടികക്കാരൻ ചാരയുടെ മകൻ വേലായുധൻ എന്നെ മുഖമടച്ചു തല്ലുമെന്ന പേടി എനിക്കുണ്ട്.ഇപ്പോഴും എന്റെ മകളുടെ ചോദ്യം ബാക്കിയാണ്: 'അച്ചാ, നമ്മൾ എവിടുത്തുകാരാണ്? '

ഉത്തരം നിങ്ങൾ തന്നെ പറഞ്ഞു തരണം. ഞാൻ എവിടുത്തുകാരനാണ്.....

# മാധ്യമ പ്രവർത്തകർക്കുള്ള അക്രഡിറ്റേഷൻ ചട്ടങ്ങൾ കേന്ദ്രം പുതുക്കി

ന്യൂഡൽഹി: മാധ്യമ പ്രവർത്തകർക്കുള്ള കേന്ദ്ര അക്രഡിറ്റേഷൻ ചട്ടങ്ങൾ കടുപ്പിച്ച് കേന്ദ്ര വാർത്താ വിതരണ മന്ത്രാലയം. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ പുതുക്കിയ മാർഗ നിർദേശങ്ങളിലാണ് (സെൻട്രൽ മീഡിയ അക്രഡിറ്റേഷൻ 2022) മാധ്യമ പ്രവർത്തകരുടെ അക്രഡിറ്റേഷന് കടുത്ത നിബന്ധനകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

രാജ്യത്തിൻറെ അഖണ്ഡതയ്ക്ക് എതിരായോ രാജ്യ സുരക്ഷയ്ക്ക് എതിരായോ വിദേശ രാജ്യങ്ങളുമായി ചങ്ങാത്തത്തിലായാലോ കോടതിയലക്ഷ്യം, മാനനഷ്ടം തുടങ്ങിയവയ്ക്ക് കാരണമാകുകയോ ചെയ്താലോ അക്രഡിറ്റേഷൻ റദ്ദാക്കുമെന്നാണ് പുതിയ ചട്ടങ്ങളിൽ പറയുന്നത്. കേന്ദ്ര സർക്കാരിൻറെ അക്രഡിറ്റേഷൻ ഉള്ള മാധ്യമ പ്രവർത്തകരാണെന്ന വിവരം സോഷ്യൽ മീഡിയകളിലോ വിസിറ്റിംഗ് കാർഡുകളിലോ ലെറ്റർ ഹെഡുകളിലോ വെളിപ്പെടുത്തുന്നതിനും വിലക്കുണ്ട്.

2013ൽ ഇറക്കിയ മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തിയാണ് ഇപ്പോൾ നിബന്ധനകൾ കടുപ്പിച്ച് പുതിയ മാർഗനിർദേശങ്ങൾ ഇറക്കിയിരിക്കുന്നത്.

എന്നാൽ, പുതുക്കിയ ചട്ടങ്ങൾ മാധ്യമ സ്വാതന്ത്ര്യത്തിന് മേൽ കൂച്ചുവിലങ്ങിടാനുള്ള സർക്കാരിൻറെ ശ്രമമാണെന്ന് ആരോപിച്ച് വിമർശനങ്ങൾ ഉയർന്നിട്ടുണ്ട്. മാധ്യമ പ്രവർത്തകരോടോ പ്രസ് ക്ലബ് ഓഫ് ഇന്ത്യ അടക്കമുള്ള സമിതികളോടോ കൂടിയാലോചിക്കാതെയാണ് പുതിയ ചട്ടങ്ങൾ രൂപീകരിച്ച് സർക്കാർ നടപ്പാക്കുന്നതെന്നാണ് പ്രധാന വിമർശനം. നിലവിലെ സാഹചര്യത്തിൽ വിമർശനങ്ങളും വിയോജിപ്പുകളും ഉയർത്തുന്നവരെയും സർക്കാരിനെതിരായ റിപ്പോർട്ടുകൾ നൽകുന്നവരെയും നിയന്ത്രിക്കാൻ ആണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതെന്നാണ് മുതിർന്ന മാധ്യമ പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നത്.

കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന സെൻട്രൽ മീഡിയ അക്രഡിറ്റേഷൻ കമ്മിറ്റിയാണ് അക്രഡിറ്റേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ തീരുമാനിക്കുക. പിഐബി ഡയറക്ടർ ജനറൽ ആയിരിക്കും ഇതിൻറെ അധ്യക്ഷൻ. സർക്കാർ നാമനിർദേശം ചെയ്യുന്ന 25 അംഗങ്ങളും ഉണ്ടായിരിക്കും.

രണ്ടു വർഷത്തേക്കാണ് കമ്മിറ്റിയുടെ കാലാവധി. കമ്മിറ്റിയിലെ ഭൂരിപക്ഷത്തിൻറെ അടിസ്ഥാനത്തിലായിരിക്കും തീരുമാനങ്ങൾ എടുക്കുക. നിലവിൽ രാജ്യത്തെ 2400 മാധ്യമ പ്രവർത്തകർക്കു മാത്രമാണ് പിഐബി അക്രഡിറ്റേഷൻ ഉള്ളത്.

## അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് വകുപ്പിന്റെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്) ഡിജിറ്റൽ മീഡിയ ആൻഡ് മാർക്കറ്റിങ്ങിൽ ഒമ്പത് മാസത്തെ സൗജന്യ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. മത്സ്യതൊഴിലാളി കുടുംബാംഗങ്ങളും, ഫിഷർമെൻ ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ള 21 നും 35 നുമിടയിൽ പ്രായമുള്ള ബിരുദധാരികളായ പെൺകുട്ടികൾക്ക് അപേക്ഷിക്കാം.

ഒമ്പത് തീരദേശ ജില്ലകളിൽ നിന്നും കോട്ടയം ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന 30 പേർക്കാണ് പരിശീലനം. മൂന്ന് മാസത്തെ ഓൺലൈൻ പരിശീലനം പൂർത്തിയാക്കുന്നവർക്ക് ആറു മാസം സാഫിന്റെ യൂണിറ്റുകളിൽ പരിശീലനം നൽകും. അപേക്ഷ ഫോം സാഫിന്റെ ജില്ലാ നോഡൽ ഓഫീസുകളിലും, മത്സ്യഭവൻ ഓഫീസുകളിലും, വെബ്സൈറ്റിലും ലഭിക്കും. അവസാന തീയതി ഫെബ്രുവരി 21. കൂടുതൽ വിവരങ്ങൾക്ക് 9895511080, 9895332871.

# ദുബായിലെ 'എക്സ്പോ 2020' ൽ കേരള പ്രതിനിധി സംഘത്തെ നയിച്ച് മന്ത്രി

തിരുവനന്തപുരം: കോവിഡ് പ്രതിസന്ധിയിൽ നിന്ന് കരകയറാൻ തുടങ്ങുന്ന കേരള ടൂറിസം ആകർഷകമായ വിനോദസഞ്ചാര പദ്ധതികളും നിരവധി നിക്ഷേപ സാധ്യതകളുമായി സജ്ജമാണെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് പറഞ്ഞു.

ടൂറിസം ഉൾപ്പെടെയുള്ള പ്രധാന മേഖലകളുടെ വളർച്ചയ്ക്കായി യുഎഇയിലെ പ്രവാസി മലയാളി നിക്ഷേപകരുമായുള്ള പങ്കാളിത്തത്തിന് സംസ്ഥാനത്തിന് താൽപ്പര്യമുണ്ടെന്നും ദുബായിലെ 'എക്സ്പോ 2020' യിലെ കേരള വീക്കിൻറെ ഭാഗമായി നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

പുത്തൻ അനുഭവം പ്രദാനം ചെയ്യുന്ന കാരവൻ ടൂറിസം, അറിയപ്പെടാത്തതും എന്നാൽ ആകർഷണീയമായതുമായ പ്രദേശങ്ങളെ ടൂറിസം ഭൂപടത്തിലേക്ക് കൊണ്ടുവരൽ, മലബാർ പ്രദേശത്തെ ടൂറിസം സാധ്യതകളുടെ പര്യവേഷണം, സുരക്ഷിതമായ സാഹസിക ടൂറിസം, അനുഭവവേദ്യ ടൂറിസം തുടങ്ങിയവയാണ് ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രധാന മേഖലകൾ.

കേരളത്തിലെ മികച്ച വിനോദാനുഭവങ്ങളിൽ ഒന്നായ കായൽ ടൂറിസത്തിനു പുറമേ മൈസ് ടൂറിസം സൗകര്യങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, കാരവൻ പാർക്കുകൾ, ഫാംസ്റ്റേകൾ, സാഹസിക ടൂറിസം, ടൂർ ഓപ്പറേഷൻ എന്നിവയിൽ വലിയ നിക്ഷേപ സാധ്യതകളാണ് തുറന്നിടുന്നതെന്ന് ദുബായ് എക്സ്പോയിലെ കേരളത്തിൽ നിന്നുള്ള പ്രതിനിധി സംഘത്തെ നയിക്കുന്ന മന്ത്രി പറഞ്ഞു. ടൂറിസം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.വേണു വി, ടൂറിസം ഡയറക്ടർ വി.ആർ.കൃഷ്ണതേജ എന്നിവർ സംഘത്തിലുണ്ട്.

നിക്ഷേപത്തിനായി മുന്നോട്ടുവരുന്നവർക്ക് കാലതാമസം കൂടാതെ തന്നെ ആവശ്യമായ അനുമതി നൽകുന്നതിനുള്ള നിക്ഷേപസൗഹൃദ സംവിധാനം കേരളത്തിലുണ്ട്. നിക്ഷേപത്തിനായുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുറമേ, ആഗോളതലത്തിലെ മികച്ച വിപണനക്കാരെന്ന നിലയിലും സ്വകാര്യ സംരംഭകരുടെ പ്രോത്സാഹകർ എന്ന നിലയിലും കേരള ടൂറിസത്തിനുള്ള മുൻതൂക്കവും നിക്ഷേപകർക്ക് അനുകൂല സാഹചര്യം ഒരുക്കുന്നുണ്ട്. നിലവിൽ കാരവൻ കേരള പദ്ധതിലേക്ക് സബ്സിഡിയോടെയുള്ള കാരവനുകൾ ഓപ്പറേറ്റുചെയ്യുന്നതിന് 297 നിക്ഷേപകരും കാരവൻ പാർക്കുകൾ സജ്ജമാക്കുന്നതിന് 78 നിക്ഷേപകരും മുന്നോട്ടുവന്നിട്ടുണ്ട്.

കോവിഡിനു ശേഷമുള്ള ആരോഗ്യ പരിരക്ഷണം ഏറെ പ്രധാനമാണ്. ഇതിനായി കേരളത്തിലെ ആരോഗ്യ, ആയുർവേദ ചികിത്സാരംഗത്തെ മെച്ചപ്പെട്ട സൗകര്യങ്ങളും വിദഗ്ധ സേവനവും യു.എ.ഇ ഉൾപ്പെടെയുള്ള മദ്ധ്യ പൂർവ്വ രാജ്യങ്ങൾക്ക് പ്രയോജനപ്പെടുത്താനാകും.

പശ്ചിമഘട്ടത്തിലെ പർവ്വത പ്രദേശങ്ങളിലും വനങ്ങളിലും പ്രകൃതിയോടിണങ്ങും വിധം സജ്ജമാക്കിയിട്ടുള്ള ട്രെക്കിംഗ് ഉൾപ്പെടെയുള്ളവ യുവ സഞ്ചാരികളെ ആകർഷിക്കും. കേരളത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ 30% വനങ്ങളാണ്. 15 വന്യജീവി സങ്കേതങ്ങൾ, 2 കടുവ സംരക്ഷണ കേന്ദ്രങ്ങൾ, 5 ദേശീയ ഉദ്യാനങ്ങൾ, 60ലധികം ഇക്കോ ടൂറിസം കേന്ദ്രങ്ങൾ എന്നിവയടങ്ങിയ വനമേഖല പ്രകൃതി, വന്യജീവി പ്രേമികൾ തീർച്ചയായും സന്ദർശിക്കേണ്ട പ്രദേശമാണ്. വൈവിധ്യമാർന്ന അനുഭവങ്ങളോടുകൂടിയ വ്യത്യസ്തമായ ഒരു ലോകമാണ് സഞ്ചാരികൾക്ക് കേരളം വാഗ്ദാനം ചെയ്യുന്നത്.

കേരളത്തിൻറെ ടൂറിസം വികസനം സാമൂഹിക പങ്കാളിത്തത്തോടെയുള്ള 'ഉത്തരവാദിത്ത ടൂറിസം' എന്ന ആശയത്തെ കേന്ദ്രീകരിച്ചുള്ളതാണ്. സുസ്ഥിര വളർച്ചയാണ് വികസനത്തിനുള്ള ശരിയായ സമീപനം എന്നത് കേരളത്തിൻറെ പ്രഖ്യാപിത നയമാണ്.

ദുബായ് ഭരണാധികാരി ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം കേരള മുഖ്യമന്ത്രി പിണറായി വിജയന് നൽകിയ സ്വീകരണം ഇരു സർക്കാരുകളും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സഹായിക്കും.

2018ലും 2019ലും വിനാശകരമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നേരിട്ടപ്പോൾ ദുരിതാശ്വാസ, പുനരധിവാസ, പുനരുജ്ജീവന നടപടികളിൽ കേരളത്തെ സഹായിക്കാനായി മുന്നോട്ടുവന്ന യുഎഇ ഭരണാധികാരിയെയും നിരവധി പ്രവാസി സുഹൃത്തുക്കളെയും നന്ദിയോടെ സ്മരിക്കുന്നു. മുഖ്യമന്ത്രിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വത്തിന് കീഴിൽ പ്രളയവും കോവിഡ് മഹാമാരിയുമടക്കമുള്ള പ്രതിസന്ധികളെ അതിജീവിക്കാൻ കേരളത്തിനായെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്കും മന്ത്രി മറുപടി നൽകി. വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കേരള ടൂറിസത്തിൻറെ ബ്രാൻഡ് അംബാസഡർമാരായി യുഎഇ യിലെ മലയാളികൾ മാറണമെന്നും ചോദ്യോത്തരവേളയിൽ മന്ത്രി ആഹ്വാനം ചെയ്തു.

ലോകോത്തര സേവനങ്ങളാണ് ടൂറിസം മേഖലയിൽ സംസ്ഥാനം ലഭ്യമാക്കുന്നതെന്ന് ഡോ.വേണു ചൂണ്ടിക്കാട്ടി. കേരളത്തിൻറെ സുപ്രധാന വിപണിയാണ് യുഎഇ. ഇവിടെ നിന്നുള്ള ടൂറിസം ഇടപെടലുകളിലൂടെ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിന് മികച്ച വളർച്ച നേടാനാകും. കോവിഡിനു മുൻപ് പന്ത്രണ്ടോളം വിമാന സർവ്വീസുകൾ യുഎഇയിൽ നിന്നും സംസ്ഥാനത്തേക്കുണ്ടായിരുന്നു. ഇപ്പോൾ കണ്ണൂർ വിമാനത്താവളവും സന്ദർശകരെ സ്വീകരിക്കാൻ സജ്ജമാണെന്നും അദ്ദേഹം വ്യക്തമാക്കി.

കോവിഡ് ഏൽപ്പിച്ച പ്രഹരത്തിൽ നിന്നും കരകയറാൻ കേരളത്തിൻറെ മികച്ച നേതൃത്വത്തിന് കഴിഞ്ഞുവെന്ന് കൃഷ്ണതേജ പറഞ്ഞു. പ്രാരംഭത്തിൽ തന്നെ ടൂറിസം കേന്ദ്രങ്ങളിലെ സേവനദാതാക്കളെ സമ്പൂർണമായി വാക്സിനേഷൻ എടുപ്പിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനായത് സർക്കാരിൻറെ പ്രധാന ഇടപെടലായിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. വാർത്താസമ്മേളനത്തെ തുടർന്ന് സംസ്ഥാനത്തെ ടൂറിസം ആകർഷണങ്ങളെക്കുറിച്ചുള്ള അവതരണം നടന്നു.




**ദുബായ് 'എക്സ്പോ 2020' ലെ കേരള വീക്കിൻറെ ഭാഗമായി നടന്ന വാർത്താസമ്മേളനത്തിൽ ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് സംസാരിക്കുന്നു. ടൂറിസം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വേണു വിയും ടൂറിസം ഡയറക്ടർ വി ആർ കൃഷ്ണതേജയും സമീപം.**

# കുടുംബശ്രീ 'കരുതൽ' ക്യാമ്പെയ്നിലൂടെ 2.20 കോടി രൂപയുടെ വിറ്റുവരവ്

തിരുവനന്തപുരം: കോവിഡ്19 വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ കുടുംബശ്രീ സംരംഭകർക്കും കൃഷി സംഘങ്ങൾക്കും ആശ്വാസമേകുന്നതിനായി നടത്തുന്ന കുടുംബശ്രീയുടെ 'കരുതൽ' ഉത്പന്ന വിപണന ക്യാമ്പെയ്ന്റെ രണ്ടാം ഘട്ടത്തിൽ 2,20, 59,650 രൂപയുടെ വിറ്റുവരവ്. 2021 നവംബർ മാസത്തിൽ തുടക്കമായ 202122 സാമ്പത്തിക വർഷത്തെ ക്യാമ്പെയ്ൻ മുഖേന വിവിധ ഉത്പന്നങ്ങൾ അടങ്ങിയ 65,354 കിറ്റുകളും അയൽക്കൂട്ടങ്ങളിലേക്ക് വിതരണം ചെയ്തു കഴിഞ്ഞു. സംരംഭകരെയും കൃഷി സംഘാംഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും പ്രശ്നങ്ങൾ നേരിട്ട സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും കൂടുതൽ വിപണന അവസരം ഒരുക്കി ക്കൊടുക്കുന്നതിനുമായി 202021 സാമ്പത്തിക വർഷം മുതലാണ് 'കരുതൽ' ക്യാമ്പെയ്ന് തുടക്കമിട്ടത്. സംരംഭകരുടെയും കൃഷിസംഘങ്ങളുടെയും ഉത്പന്നങ്ങൾ കിറ്റുകളിലാക്കി അയൽക്കൂട്ടങ്ങളിലേക്ക് ആവശ്യാനുസരണം എത്തിക്കുന്ന പ്രവർത്തനങ്ങളാണ് കരുതൽ ക്യാമ്പെയ്നിലൂടെ നടക്കുന്നത്. സി. ഡി. എസുകൾ മുഖേനയാണ് കരുതൽ ക്യാമ്പെയ്ന്റെ ഭാഗമായുള്ള കിറ്റുകളുടെ വിതരണം നടത്തുന്നത്. അതാത് ജില്ലയിലെ സംരംഭകരിൽ നിന്ന് ഉത്പന്നങ്ങളുടെ വിലവിവരങ്ങൾ ശേഖരിക്കുന്നതും സി. ഡി. എസുകളെ അറിയിക്കുന്നതും കിറ്റുകൾ തയാറാക്കുന്നതും ജില്ലാ മിഷനുകളാണ്. ഓരോ അയൽക്കൂട്ടത്തിനും എത്ര കിറ്റുകൾ വേണമെന്നുള്ള വിശദാംശങ്ങൾ ആരാഞ്ഞ് ഇതനുസരിച്ചുള്ള ആവശ്യകതാ പട്ടിക തയാറാക്കി ജില്ലാ മിഷനുകളെ അറി യിക്കുക, പച്ചക്കറി കിറ്റുകൾ തയാറാക്കുക, അയൽക്കൂട്ടങ്ങളിലേക്ക് കിറ്റുകൾ എത്തിക്കുക എന്നീ ചുമതലകൾ സി. ഡി. എസുകളും നിർവഹിക്കുന്നു. അയൽക്കൂട്ടങ്ങൾ ആന്തരിക സമ്പാദ്യത്തിൽ നിന്നാണ് കിറ്റുകളുടെ തുക നൽകുന്നത്. കിറ്റിന്റെ തുക പരമാവധി 20 തവണകളായി അയൽക്കൂട്ടാംഗങ്ങൾ അയൽക്കൂട്ടത്തിൽ തിരികെയടയ്ക്കുകയും ചെയ്യുന്നു.

# 59ാമത് പാലോട് മേളയിൽ പരമ്പരാഗത കാളച്ചന്തയും വിളക്കുമരവും

പാലോട്: മഹാമാരിക്കും തളർത്താനാവാത്ത ഒരുമയുടെ കഥ പറഞ്ഞ് 59 ാമത് പാലോട് കാർഷിക കലാ സാംസ്കാരിക മേളയും കന്നുകാലി ചന്തയും ചരിത്രത്തിലേക്ക്. നിലമൊരുക്കുന്നതിന് നല്ലയിനം കാലികളെ വാങ്ങാൻ അഞ്ച് പതിറ്റാണ്ടു മുമ്പ് പാലോട്ടെ കർഷക കാരണവന്മാർ തുടക്കം കുറിച്ച കാളച്ചന്തയാണ് കോവിഡിന്റെ ആകുലതകൾക്കിടയിലും മുടക്കമില്ലാതെ മുന്നേറുന്നത്. ആദ്യകാലത്ത് കാളച്ചന്ത അരങ്ങേറിയ കുശവൂർ ഏലയിലാണ് ഇക്കുറി കന്നുകാലിച്ചന്ത നടക്കുന്നതെന്ന പ്രത്യേകതയുണ്ട്. പത്ത് ദിവസം നീളുന്ന മേളയിൽ കലാ സാംസ്കാരിക പരിപാടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് അരങ്ങേറുന്നത്. പരമ്പരാഗത കാളച്ചന്തയിൽ കുടിമാടുകൾ, പാണ്ടിമാടുകൾ, കിഴക്കൻ മാടുകൾ, മുറൈ പോത്തുകൾ, ഹരിയാന പോത്തുകൾ, ജാഫ്റാബാദ് ഇനത്തിൽപ്പെട്ട വളർത്തു പോത്തുകൾ മുതലായവ വില്പനയ്ക്ക് എത്തിയിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള മുട്ടക്കോഴികളും വില്പനയ്ക്കെത്തും. ഒരു സമയം 20 പേർക്ക് മാത്രം പ്രവേശനം എന്ന നിലയിലാണ് കന്നുകാലിച്ചന്ത സംഘടിപ്പിച്ചിട്ടുള്ളത്.

സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു ഭദ്രദീപം തെളിച്ച് മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. കോവിഡ് പ്രോട്ടോക്കോൾ പൂർണമായും പാലിക്കുന്നതിന്റെ ഭാഗമായി സന്ദർശകർക്ക് സൗജന്യമായി വിതരണം ചെയ്യുന്ന 5,900 എൻ 95 മാസ്കുകൾ ബ്രദേഴ്സ് ഹോസ്പിറ്റൽ എംഡി അൻസാരി കൈമാറി.

കന്നുകാലികളുടെ വില്പന പാലോട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി എസ് മധു ആദ്യ കന്നുക്കുട്ടിയെ കർഷകന് നൽകി ഉദ്ഘാടനം ചെയ്തു. സി ജെ രാജീവ് പ്രചാരണ സിഡിയും ഇ ജോൺ കുട്ടി പുസ്തകവും പ്രകാശനം ചെയ്തു.

മേള ചെയർമാൻ എം ഷിറാസ് ഖാൻ, ജനറൽ സെക്രട്ടറി ഇ ജോൺകുട്ടി, ട്രഷറർ വിഎസ് പ്രമോദ് തുടങ്ങിയവർ നേതൃത്വം നൽകി. വൈകിട്ട് പരമ്പരാഗത രീതിയിൽ കവുങ്ങ് മരത്തിൽ സജ്ജമാക്കിയ ഓർമ്മകളുടെ കാർഷിക ദീപങ്ങൾ കാഴ്ചക്കാരിൽ ഗൃഹാതുര സ്മരണകളുണർത്തി.

വാമനപുരം ബ്ലോക്ക് മെമ്പർ ബീനാ അജ്മൽ, സിപിഐ പാലോട് ലോക്കൽ സെക്രട്ടറി എൽ സാജൻ, എഐവൈഎഫ് മണ്ഡലം സെക്രട്ടറി മനോജ് ടി തുടങ്ങി വിവിധ കക്ഷിനേതാക്കളും ജനപ്രതിനിധികളും പങ്കെടുത്തു. മേളയുടെ ഭാഗമായി കാവ്യനർത്തനം, മലയാള കവിതകളുടെ അവതരണം, സംഘാടക പ്രമുഖരായിരുന്ന പി എസ് ദിവാകരൻ നായർ, എംപി വേണുകുമാർ എന്നിവരുടെ അനുസ്മരണം, വെബിനാറുകൾ, മേളപ്പാട്ടുകൾ, നാടകം, കഥപറച്ചിൽ തുടങ്ങിയവ ഓൺലൈൻ പ്ലാറ്റ്ഫോമിൽ അരങ്ങേറും.

ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന സാധന സാമഗ്രികളും നടീൽ വസ്തുക്കളും ഓൺലൈൻ മുഖേന വിതരണം ചെയ്യുന്ന രീതിലാണ് വ്യാപാര മേള സജ്ജീകരിച്ചിട്ടുള്ളത്. ഉപഭോക്താക്കൾ മേളയുടെ യൂട്യൂബ് ലിങ്ക്, ജിമെയിൽ, ഫേസ്ബുക്ക് ഐഡികൾ സന്ദർശിക്കണം

# ബെഞ്ചമിൻ നെതന്യാഹുവിന്റെ മകനുൾപ്പെടെയുള്ളവർക്കെതിരെ പെഗാസസ് ഉപയോഗിച്ചു

ജറുസലേം: മുൻ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ മകനുൾപ്പെടെ നിരവധി ഉന്നതരുടെ ഫോണുകളിൽ ഇസ്രയേൽ പൊലീസ് നിയമവിരുദ്ധമായി ചാര സോഫ്റ്റ്!വേറായ പെഗാസസ് ഉപയോഗിച്ചതായി റിപ്പോർട്ട്. സാമൂഹ്യ പ്രവർത്തകർ, ബിസിനസുകാർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരടക്കമുള്ളവരുടെ ഫോണുകളിൽ സമാനരീതിയിൽ പെഗാസസ് ഉപയോഗിച്ചുവെന്നും ഇസ്രയേൽ ദിനപത്രമായ കാൽകലിസ്റ്റ് റിപ്പോർട്ട് ചെയ്യുന്നു. കോടതിയുടെ നിർദേശമില്ലാതെ നെതന്യാഹുവിനെതിരെ പ്രതിഷേധം സംഘടിപ്പിച്ച നേതാക്കളുടെ ഫോണുകളിലും പെഗാസസ് ഉപയോഗിച്ചതായും റിപ്പോർട്ടിലുണ്ട്. നെതന്യാഹുവിനെതിരായ അഴിമതി കേസിലെ മുഖ്യസാക്ഷികളും പട്ടികയിൽ ഉൾപ്പെടും. നെതന്യാഹുവിന്റെ മകൻ അവ്നർ, രണ്ട് കമ്യൂണിക്കേഷൻസ് ഉപദേഷ്ടാക്കൾ, അഴിമതികേസിലെ സാക്ഷി എന്നിവർക്കെതിരായും പെഗാസസ് ഉപയോഗിച്ചു.

അഴിമതിക്കേസിലെ സാക്ഷിയായ ഷ്ളോമോ ഫിൽബറിന്റെ ഫോൺ ഹാക് ചെയ്തതിന് തെളിവുണ്ട്. ഇദ്ദേഹത്തെ വിചാരണചെയ്യുന്നത് നീട്ടിവെക്കണമെന്ന് നെതന്യാഹുവിന്റെ അഭിഭാഷകർ ആവശ്യപ്പെടാനും സാധ്യതയുണ്ട്. എന്നാൽ പുതിയ റിപ്പോർട്ടിനെ കുറിച്ച് പ്രതികരിക്കാൻ ഇസ്രയേൽ പൊലീസ് തയാറായില്ല.

അതിനിടെ, ഉന്നതരുടെ ഫോണുകളിൽ പൊലീസ് അനധികൃതമായി പെഗാസസ് ഉപയോഗിച്ചുവെന്ന റിപ്പോർട്ട് ഗൗരവമേറിയതാണെന്നും അന്വേഷിക്കുമെന്നും ഇസ്രയേൽ പ്രധാനമന്ത്രി നഫ്!താലി ബെനറ്റ് അറിയിച്ചു. റിപ്പോർട്ടിനെ കുറിച്ച് അന്വേഷണം നടത്താൻ കമ്മിഷനെ നിയമിക്കണമെന്ന് പൊതുസുരക്ഷ മന്ത്രി നീതിന്യായ വിഭാഗത്തോട് ആവശ്യപ്പെടും. അനുമതി ലഭിച്ചാൽ റിട്ട. ജഡ്ജിയടങ്ങുന്ന അന്വേഷണ കമ്മിഷനെയാണ് നിയോഗിക്കുക.

# പരോളിലിറങ്ങി മുങ്ങിയ കൊലക്കേസ് പ്രതി രണ്ടര വർഷത്തിനു ശേഷം പിടിയിൽ

തിരുവനന്തപുരം: നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൊലപാതക കേസിൽ തടവുശിക്ഷ അനുഭവിച്ചു വരവെ പരോളിലിറങ്ങി മുങ്ങിയ പ്രതിയെ രണ്ടര വർഷത്തിനുശേഷം പൊലീസ് പിടികൂടി. തിരുമല തൃക്കണ്ണാപുരം കുന്നുവിള വീട്ടിൽ ഗോപി(56) യെയാണ് പൂജപ്പുര പൊലീസ് അറസ്റ്റ് ചെയ്തത്.

മലയിൻകീഴ് പൊലീസ് സ്റ്റേഷനിലെ ഒരു കൊലക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് നെട്ടുകാൽത്തേരി തുറന്ന ജയിലിൽ തടവിൽ കഴിഞ്ഞിരുന്ന ഗോപി 2019 മെയ് മാസത്തിലാണ് പരോളിലിറങ്ങിയത്. ഒരു മാസത്തെ പരോൾ കാലാവധി കഴിഞ്ഞ് തിരികെ ജയിലിൽ പോകാതെ ഇയാൾ ഒളിവിൽ കഴിയുകയായിരുന്നു. ജയിലധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണറുടെ നിർദേശാനുസരണം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പൂജപ്പുര പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്.

പരോളിലിറങ്ങിയ ഇയാൾ പേരുമാറി വ്യാജ മേൽവിലാസമുണ്ടാക്കി കോയമ്പത്തൂരിൽ ഒളിവിൽ കഴിയുകയായിരുന്നു. അന്വേഷണ സംഘം പിന്തുടരുന്നുവെന്ന് മനസിലാക്കിയ പ്രതി തിരികെ കേരളത്തിലേക്ക് കടന്ന് ശ്രീകാര്യത്ത് ഒരു വീട്ടിൽ ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു.

ഒളിവിലായിരുന്ന കാലമത്രയും ഇയാൾ കുടുംബാംഗങ്ങളേയോ സുഹൃത്തുക്കളേയോ ഫോണിൽ ബന്ധപ്പെട്ടിരുന്നില്ല. അന്വേഷണ സംഘം നടത്തിയ മറ്റു നൂതന അന്വേഷണ മാർഗങ്ങളിലൂടെയാണ് ശ്രീകാര്യത്തെ ഒളിസങ്കേതം കണ്ടെത്തിയത്. പുറമെ നിന്നും കാണാത്ത രീതിയിൽ ഓല കൊണ്ട് മറച്ച രീതിയിലുള്ള വീട്ടിലെത്തിയ പൊലീസ് സംഘത്തിനു നേരെ വെട്ടുകത്തി വീശി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ അതിസാഹസികമായാണ് പൊലീസ് കീഴ്പ്പെടുത്തിയത്. പൂജപ്പുര എസ്എച്ച്ഒ റോജ്, എസ്ഐ പ്രവീൺ, എഎസ്ഐമാരായ രാജേന്ദ്രൻ, ഷാജി, സിപിഒമാരായ പ്രശാന്ത്,ഹക്കിം എന്നിവരടങ്ങിയ പൊലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# വിഷമില്ലാത്ത പച്ചക്കറി ഉല്പാദനത്തിന് വെർട്ടിക്കൽ ഗാർഡനുമായി കൃഷിവകുപ്പ്

തിരുവനന്തപുരം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹോർട്ടികൾച്ചർ റിസർച്ച് രൂപപ്പെടുത്തിയ വെർട്ടിക്കൽ ഗാർഡനിംഗ് രീതി ഇതിനോടകം തന്നെ ഹിറ്റായി കഴിഞ്ഞു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിലുള്ള ഇരുമ്പ് സ്ട്രക്ചറിൽ 16 ചെടിച്ചട്ടികൾ സ്ഥാപിച്ച് അതിൽ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ വിളയിച്ചെടുക്കാൻ സാധിക്കുന്ന അർക്ക വെർട്ടിക്കൽ ഗാർഡൻ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. അടുക്കളയ്ക്കായി അടുക്ക് കൃഷി എന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ്, നിയമസഭ അടക്കമുള്ള 10 സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 75 ശതമാനം സർക്കാർ സബ്സിഡിയോടെയാണ് വെർട്ടിക്കൽ ഗാർഡൻ യൂണിറ്റ് നഗരവാസികൾക്ക് നൽകിയിരിക്കുന്നത്.

ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സൂര്യപ്രകാശം യഥേഷ്ടം ലഭിക്കുന്ന സ്ഥലത്ത് ഈ സ്ട്രക്ചറുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിൽ ചക്രങ്ങൾ ഘടിപ്പിച്ചിരിക്കുന്നതിനാൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റി വയ്ക്കാനുമാകും. 16 ചെടിചട്ടികൾ, 80 കിലോ ഭാരമുള്ള പരിപോഷിപ്പിച്ച നടീൽ വസ്തു (സമ്പുഷ്ടീകരിച്ച ചകിരിച്ചോർ), 25 ലിറ്റർ സംഭരണ ശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവയാണ് സ്ട്രക്ചറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു യൂണിറ്റിന്റെ കാലാവധി ഏകദേശം 15 വർഷം വരെയാണ്. ഒരു യൂണിറ്റിന് 24,000 രൂപയാണ് ചെലവ്. ഇതിന്റെ 25 ശതമാനമായ 6,000 രൂപ ഗുണഭോക്തൃ വിഹിതമായി നൽകണം. ഈ സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 340 അർക്ക വെർട്ടിക്കൽ ഗാർഡൻ യൂണിറ്റുകൾ കേരളത്തിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇവയിൽ 10 യൂണിറ്റുകൾ പൊതുമേഖലാ, സർക്കാർ സ്ഥാപനങ്ങളിൽ സൗജന്യമായും, 330 യൂണിറ്റുകൾ സ്വകാര്യ വ്യക്തികൾക്ക് സബ്സിഡി നിരക്കിലും നൽകും. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ നഗരപരിധിയിലുള്ള പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കഴി!ഞ്ഞ ദിവസം നിയമസഭാ വളപ്പിൽ സ്ഥാപിച്ച വെർട്ടിക്കൽ ഗാർഡനിൽ ചെടിനട്ട് നിയമസഭാ സെക്രട്ടറി എസ് വി ഉണ്ണികൃഷ്ണൻ നായർ പദ്ധതി ഉദ്ഘാടനം ചെയ്തിരുന്നു.

# മരം മുറി: സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥനെ തിരിച്ചെടുത്തു

കൽപ്പറ്റ: മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ബി.പി.രാജുവിനെ സർവീസിൽ തിരിച്ചെടുത്തു. മരം മുറിക്കാർ പ്രതികൾക്ക് സഹായം നൽകിയെന്ന ആരോപണത്തെ തുടർന്നാണ് ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്തത്.

സസ്പെൻഷൻ പിൻവലിച്ചത് നിലവിലുള്ള പ്രത്യേക സംഘത്തിൻറെ അന്വേഷണത്തെ ബാധിക്കില്ലെന്ന് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡി.കെ.വിനോദ് കുമാറിൻറെ ഇത് സംബന്ധിച്ച ഉത്തരവിൽ പറയുന്നു. വയനാട് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലാണ് രാജുവിന് പുനർനിയമനം.

മുട്ടിൽ മരം മുറി സമയത്ത് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ബി.പി.രാജു പ്രതികൾക്ക് വേണ്ട ഒത്താശ ചെയ്തുവെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

# പൊലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതി അറസ്റ്റിൽ

നെടുമങ്ങാട്: പൊലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതി അറസ്റ്റിൽ. നെടുമങ്ങാട് വില്ലേജിൽ ലക്ഷ്മി വിലാസത്തിൽ അക്ഷയ്(23) ആണ് അറസ്റ്റിലായത്.

കഴിഞ്ഞ അഞ്ചാം തീയതി വൈകിട്ട് ആറ് മണിയോടുകൂടി കുളവിക്കോണം എന്ന സ്ഥലത്ത് പൊതുജനശല്യം ഉണ്ടാക്കിയതിനാണ് പ്രതിയെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്നത്. തുടർന്ന് പ്രതിയുടെ പേരും വിലാസവും ചോദിച്ച സുഭാഷ് എന്ന എഎസ്ഐയെ യാതൊരു പ്രകോപനവും കൂടാതെ ഇയാൾ ദേഹോപദ്രവം ഏൽപ്പിക്കുകയായിരുന്നു. ഇത് തടയാൻ ശ്രമിച്ച എസ്ഐയേയും മറ്റ് പൊലീസ് ഉദ്യോഗസ്ഥരേയും ഇയാൾ ദേഹോപദ്രവം ഏൽപ്പിച്ചു.

പരാതികളുമായി സ്റ്റേഷനിലുണ്ടായിരുന്ന പൊതുജനങ്ങളുടെ മുന്നിൽ വച്ചാണ് ഇയാൾ അക്രമങ്ങൾ നടത്തിയത്. പൊലീസ് വളരെ ബുദ്ധിമുട്ടിയാണ് ഇയാളെ കീഴ്പ്പെടുത്തിയത്. സുഭാഷിന്റെ പരാതിയിന്മേൽ സർക്കാർ ഉദ്യോഗസ്ഥനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും ജോലി തടസപ്പെടുത്തിയതിനുമുള്ള വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചുമത്തിയാണ് പൊലീസ് കേസെടുത്തത്.

# ഞായർ നിയന്ത്രണം പിൻവലിച്ചു; സ്കൂളുകൾ 28 മുതൽ വൈകുന്നേരം വരെ

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകളും കോളജുകളും മുഴുവൻ വിദ്യാർഥികളെയും ഉൾപ്പെടുത്തി രാവിലെ മുതൽ വൈകുന്നേരം വരെ ഈ മാസം അവസാനവാരത്തോടെ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ക്രമീകരണം ഒരുക്കാൻ നിർദേശം. ഇതിനാവശ്യമായ തയാറെടുപ്പ് നടത്താൻ വിദ്യാഭ്യാസ വകുപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗം നിർദേശം നൽകി.

അതുവരെ പകുതി വിദ്യാർഥികളെ മാത്രം ഉൾപ്പെടുത്തി ക്ലാസുകൾ നടത്തും. 14 മുതൽ മുഴുവൻ ക്ലാസുകളും ആരംഭിക്കാനിരിക്കേ വിദ്യാഭ്യാസ വകുപ്പ് ഇതുസംബന്ധിച്ച മാർഗരേഖ തയാറാക്കും.

മാരാമൺ കൺവൻഷൻ, ആലുവ ശിവരാത്രി, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ചടങ്ങുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൂടുതൽ പേർക്കു പങ്കെടുക്കാൻ അവസരം നൽകുന്നതു പരിശോധിക്കും. വടക്കേ മലബാറിൽ ഉത്സവങ്ങൾ നടക്കുന്ന മാസമാണ് ഫെബ്രുവരി. ഇവിടെയും ക്രമീകരണങ്ങൾ വരുത്തി കൂടുതൽപേരെ പങ്കെടുക്കാൻ അനുവദിക്കും.

ഫെബ്രുവരി നാലിലെ വർഗീകരണം അനുസരിച്ച് ജില്ലകളിലെ നിയന്ത്രണങ്ങൾ തുടരും. കടുത്ത നിയന്ത്രണങ്ങളുള്ള സി കാറ്റഗറിയിൽ ഒരു ജില്ലയുമില്ല. കാറ്റഗറി 'ബി' യിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളാണുള്ളത്. ഈ ജില്ലകളിലും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മത സാമുദായിക പൊതുപരിപാടികൾ അനുവദിക്കില്ല. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് പരമാവധി 20 പേരെ അനുവദിക്കു. മലപ്പുറം, കോഴിക്കോട് ജില്ലകൾ കാറ്റഗറി 'എ' യിൽപ്പെടും. ഇവിടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മത സാമുദായിക, പൊതുപരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾക്കും പരമാവധി 50 പേർക്കു വരെ പങ്കെടുക്കാം. കാസർഗോഡ് ഒരു കാറ്റഗറിയിലും വരില്ല. ജില്ലാ അധികൃതർ പ്രഖ്യാപിച്ച നിയന്ത്രണം മാത്രമാകും ഇവിടെ ഉണ്ടാവുക.

ഞായറാഴ്ചകളിൽ ലോക്ഡൗൺ സമാനമായ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത് ഇനി തുടരില്ല. കോവിഡ് വ്യാപനത്തോത് സംസ്ഥാനത്തു കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അടുത്ത ഞായറാഴ്ച ലോക്ഡൗൺ സമാനമായ നിയന്ത്രണമുണ്ടാകില്ല.


അവലോകന യോഗത്തിൽ ഞായർ നിയന്ത്രണം തുടരുന്നതു സംബന്ധിച്ചു ചർച്ചയുണ്ടായില്ല. കഴിഞ്ഞ മൂന്നു ഞായറാഴ്ചകളിൽ ലോകഡൗൺ സമാനമായ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ജനുവരി 23, 30, ഫെബ്രുവരി ആറ് തീയതികളിലാണ് ലോക്ഡൗൺ സമാനമായ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്.

## രണ്ട് കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

വെള്ളറട: രണ്ട് കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ. കഞ്ചാവുമായി ബൈക്കിലെത്തിയ സംഘം അമ്പൂരിയിലാണ് പിടിയിലായത്.

വാഴിച്ചൽ വീണ ഭവനിൽ വിനു(40), രാഹുൽ ഭവനിൽ രാഹുൽ കൃഷ്ണ(20) എന്നിവരാണ് പിടിയിലായത്. മലയോര മേഖലയിൽ വിതരണം ചെയ്യാനായി എത്തിച്ചതാണ് കഞ്ചാവെന്നാണ് വിവരം. ഇവരുടെ പിന്നിൽ വലിയ ശൃംഖല പ്രവർത്തിക്കുന്നതായി സംശയമുണ്ടെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നു.

കഞ്ചാവ് കച്ചവടത്തിനൊപ്പം ഇവർ ഗുണ്ടാപ്രവർത്തനങ്ങളും നടത്തുന്നതായി നാട്ടുകാർ പറയുന്നു. അമ്പൂരി ഗ്രാമപഞ്ചായത്ത് കണ്ടംതിട്ട വാർഡ് മെമ്പർ ജയന്റെ വീട് അക്രമണ കേസിലെ പ്രതിയാണ് പിടിയിലായ രാഹുൽ. ആര്യനാട് റെയിഞ്ച് ഇൻസ്പെക്ടർ ആദർശ്, ശ്രീകുമാർ ജി വി, ശ്രീകുമാർ എ, സൂരജ്, ബ്ലെസൺ സത്യൻ, സുമിത, കാട്ടാക്കട റെയിഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർമാരായ രജിത്ത്, ശങ്കർ എന്നിവർ അറസ്റ്റിന് നേതൃത്വം നൽകി.




ഒമാനിൽ വാഹനാപകത്തിൽ മരിച്ച കൊട്ടാരക്കര കലാഭവനിൽ കിരണിന്റെ കുടുംബത്തിനുള്ള പ്രവാസി ഐ.ഡി കാർഡ് ഇൻഷുറൻസ് തുക പിതാവ് ശിവദാസന് നോർക്ക റൂട്ട്സ് സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരി തയ്ക്കാട് നോർക്ക സെന്ററിൽ കൈമാറുന്നു

പി.ആർ.പി: 4ന (08.02.2022)

# കേന്ദ്രബഡ്ജറ്റ് കശുവണ്ടിതൊഴിലാളികളെ അവഗണിച്ചതിൽ പ്രതിഷേധിക്കുക

കൊല്ലം : ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെൻറ് കഴിഞ്ഞദിവസം പാർലമെൻറിൽ അവതരിപ്പിച്ച ബജറ്റിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായത്തെയും അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട തൊഴിലാളികളെയും പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ആയിരക്കണക്കിന് കോടിരൂപയുടെ വിദേശനാണ്യം നേടിത്തരുന്ന വ്യവസായത്തെ സംരക്ഷിക്കാൻ പുനരുദ്ധാരണ പാക്കേജ് അടക്കം ആവശ്യപ്പെട്ടിരുന്നെങ്കിലും നയാപൈസയുടെ ആനുകൂല്യം ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല.

കോവിഡ് മഹാമാരിമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഹാജർദിനങ്ങൾ പരിഗണിക്കാതെ ഇഎസ്ഐ ആനുകൂല്യം നൽകണമെന്ന് ആവശ്യം അംഗീകരിച്ചിട്ടില്ല.

പിഎഫ് പെൻഷൻ കുറഞ്ഞത് 3000 രൂപയായി നിജപെടുത്തണമെന്ന് തൊഴിലാളികൾ ദീർഘകാലമായി ആവശ്യപ്പെടുന്നതാണ് ഇതും പരിഗണിച്ചില്ല. കേന്ദ്ര ക്യാഷുബോർഡ് രൂപീകരിച്ചുകൊണ്ട് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം പരമാവധി വർദ്ധിപ്പിക്കാൻ ആവശ്യമായ യാതൊരു പദ്ധതികളും കേന്ദ്രഗവൺമെൻറിൻറെ അജണ്ടയിലില്ല. എന്നാൽ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കിയ തോട്ടണ്ടിയുടെ ഇറക്കുമതി തീരുവ പൂർണ്ണമായും പിൻവലിക്കാൻ തയ്യാറായിട്ടുമില്ല. പ്രതിസന്ധി മൂർച്ഛിപ്പിക്കുന്ന നിലയിൽ വിദേശത്തുനിന്ന് പരിപ്പ് ഇറക്കുമതിക്ക് അനുമതിനൽകുന്ന നടപടികളാണ് കേന്ദ്രഗവൺമെൻറ് ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്രഗവൺമെൻറിൻറെ ഈ നിഷേധാത്മക നയത്തിൽ പ്രതിഷേധിച്ച് കൊണ്ട് കേരള കാഷ്യു വർക്കേഴ്സ്സൻറെർ (സിഐടിയു) നേതൃത്വത്തിൽ 2022 ഫെബ്രുവരി 7ന് കേന്ദ്രസർക്കാർ ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധ ധർണ നടത്തുവാൻ തീരുമാനിച്ചു.

ഈ പരിപാടി വിജയിപ്പിക്കാൻ കശുവണ്ടി കാഷ്യു വർക്കേഴ്സ്സൻറെർ പ്രസിഡൻറ് കെരാജഗോപാലും, ആക്ടിംഗ് ജനറൽ സെക്രട്ടറി ബിതുളസീധരകുറുപ്പും അഭ്യർത്ഥിച്ചു.

# സമ്പൂർണ ഭരണഘടനാ സാക്ഷരത ലക്ഷ്യമാക്കി 'ദ സിറ്റിസൺ' എല്ലാ ഉദ്യോഗസ്ഥരെയും പഠിതാക്കളാക്കുന്നു

ജനകീയ ആസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതി, ജില്ലാ പഞ്ചായത്ത്, കില എന്നിവ ഭരണഘടന സാക്ഷരതയ്ക്കായി നടപ്പിലാക്കുന്ന 'ദ സിറ്റിസൺ' പ്രാഥമിക ഘട്ടം പിന്നിടുന്നു. ഈ മാസം ജില്ലാതല ഉദ്ഘാടനത്തിന് തയ്യാറെടുപ്പ് തുടങ്ങി. എല്ലാ വകുപ്പുകളിലേക്കും പദ്ധതി വിവരങ്ങൾ കൈമാറി പഠിതാക്കളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനമാണ് അതിവേഗം പുരോഗമിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതി റിപ്പബ്ലിക് ദിനത്തിൽ തുടങ്ങി ഓഗസ്റ്റ് 14ന് അർദ്ധരാത്രിയിൽ അവസാനിക്കുന്ന രീതിയിലാണ് നടപ്പിലാക്കുക. 10 വയസിന് മുകളിൽ പ്രായമുള്ള എല്ലാവരെയും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ കുറിച്ചു അറിവുള്ളവരാക്കുകയാണ് ലക്ഷ്യം. ജില്ലയിലെ ഏഴു ലക്ഷം കുടുബങ്ങൾക്ക് ഭരണഘടയുടെ ആമുഖം, ചരിത്രം, അടിസ്ഥാന തത്വങ്ങൾ, മൗലികവകാശങ്ങളും കടമകളും, നിയമപരിഹാരങ്ങളും കോടതികളും എന്നീ വിഷയങ്ങളിൽ ക്ളാസുകൾ നൽകും. ഭരണഘടനയെ കുറിച്ചുള്ള പുസ്തകവും ഭരണഘടനയുടെ ആമുഖം ആലേഖനം ചെയ്ത മാതൃകയും കുടുംബങ്ങളിലും സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കും. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ സംഘടനകൾ എന്നിവയെ പദ്ധതിയുടെ ഭാഗമാക്കും.

10 മുതൽ 20 വരെയുള്ള കുടുംബങ്ങൾ വീതം ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭിച്ച സെനറ്റർമാർ തദ്ദേശ സ്ഥാപനങ്ങൾ വഴി ക്ലാസുകൾ നൽകും. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജില്ലയിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുടെ വിവിധ യോഗങ്ങൾ ചേരും.

ജില്ല മുതൽ വാർഡ്തലം വരെ വിവിധ ഫോറങ്ങളുടെ രൂപീകരണവും സെനറ്റർമാർക്കുള്ള പരിശീലനവുമാണ് ഒന്നാം ഘട്ടത്തിൽ. രണ്ടാം ഘട്ടത്തിലാണ് കുടുബങ്ങൾക്കായുള്ള ക്ലാസുകൾ. ജില്ലയിലെ മന്ത്രിമാർ, എം.പിമാർ, എം.എൽ.എ മാർ, മേയർ, ജില്ലാ കലക്ടർ, ജില്ല പഞ്ചായത്ത് പ്രസിഡന്റ്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ജില്ലാ പ്ലാനിംഗ് ഓഫിസർ, കില ഡയറക്ടർ ജനറൽ, പ്രസ് ക്ലബ് സെക്രട്ടറി, ലീഗൽ സർവിസ് അതോറിറ്റി സെക്രട്ടറി എന്നിവരുൾപ്പെടുന്നതാണ് ഉപദേശക സമിതി.

## നീറ്റിനെതിരെ വീണ്ടും ബിൽ പാസാക്കി തമിഴ്നാട് സർക്കാർ

ചെന്നൈ: നീറ്റിനെതിരായ ബിൽ തമിഴ്നാട് നിയമസഭ വീണ്ടും പാസാക്കി. ബില്ലിന് ബിജെപി അംഗങ്ങളുടെ പിന്തുണ ലഭിച്ചില്ല. പ്രത്യേക നിയമസഭാ സമ്മേളനത്തിലാണ് ബില്ല് പാസാക്കിയത്.

കഴിഞ്ഞ ദിവസമാണ് തമിഴ്നാട് ഗവർണർ ബില്ല് മടക്കി അയച്ചത്. 2021 ഒക്ടോബറിലാണ് ബിൽ ആദ്യമായി പാസാക്കുന്നത്. ഏകകണ്ഠമായി തന്നെയായിരുന്നു പാസാക്കിയതും. അത് ഗവർണറുടെ അനുമതിക്കായി അയക്കുകയും ചെയ്തിരുന്നു. 142 ദിവസങ്ങൾക്ക് ശേഷം ഗവർണർ ബിൽ മടക്കി അയക്കുകയും ചെയ്തു. ഇതിനെതിരെ വലിയ തോതിലുള്ള പ്രതിഷേധങ്ങൾ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉണ്ടായി. പ്രത്യേക നിയമസഭാ സമ്മേളനത്തിലാണ് ബിൽ ഇപ്പോൾ വീണ്ടും പാസാക്കിയത്.

രണ്ടാമതും ബിൽ മടക്കി അയക്കാൻ ഗവർണർക്ക് സാധിക്കില്ല. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കൈമാറേണ്ടിവരും.

# സംസ്ഥാനത്ത് 53 സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം 10ന്

## മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി നിലവിൽ വന്ന വിദ്യാകിരണം മിഷന്റെ ഭാഗമായി നിർമിച്ച 53 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം 10ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അരുവിക്കര പൂവച്ചൽ ജി. വി. എച്ച്. എസ്. എസിൽ നടക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മറ്റു സ്ഥലങ്ങളിൽ വീഡിയോ കോൺഫറൻസ് വഴിയാണ് ഉദ്ഘാടനം നടക്കുക.

90 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടങ്ങൾ നിർമിച്ചത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കെട്ടിടത്തിന് അഞ്ചു കോടി വീതം ചെലവഴിച്ച് നാലു സ്കൂൾ കെട്ടിടങ്ങൾ നിർമിച്ചു. ഒരു കെട്ടിടത്തിന് മൂന്നു കോടി രൂപ എന്ന വീതം ചെലവഴിച്ച് 10 കെട്ടിടങ്ങളും ഒരു കെട്ടിടത്തിന് ഒരു കോടി രൂപ വീതം ചെലവഴിച്ച് രണ്ട് കെട്ടിടങ്ങളും നിർമിച്ചിട്ടുണ്ട്. എം. എൽ. എ ഫണ്ട്, പ്ളാൻ ഫണ്ട്, നബാർഡ് ഫണ്ടുകൾ വിനിയോഗിച്ച് 37 സ്കൂൾ കെട്ടിടങ്ങൾ 40 കോടി രൂപ ചെലവിൽ നിർമിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കെട്ടിടത്തിന്റെ താക്കോൽ മുഖ്യമന്ത്രി അരുവിക്കര എം. എൽ. എ അഡ്വ. ജി. സ്റ്റീഫന് കൈമാറും.

മന്ത്രിമാരായ അഡ്വ. കെ. രാജൻ, റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ. കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, അഡ്വ. കെ. ആന്റണിരാജു, കെ. എൻ. ബാലഗോപാൽ, ജി. ആർ. അനിൽ, കെ. രാധാകൃഷ്ണൻ, വീണാജോർജ്, ജെ. ചിഞ്ചുറാണി, അടൂർ പ്രകാശ് എം. പി. ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് തുടങ്ങിയവർ സംബന്ധിക്കും.

## ഇന്ന് 29,471 പേർക്ക് കോവിഡ്; ടിപിആർ 30.85

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 29,471 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 95,508 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30.85 ശതമാനമാണ്.

ഇന്ന് 28 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ അപ്പീൽ നൽകിയ 591 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 59,939 ആയി.

26,963 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. അതിൽ 2184 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 92 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

നിലവിൽ 2,83,676 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 46,393 പേർ രോഗമുക്തരായി. 59,79,002 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. 232 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

എറണാകുളം5676, തിരുവനന്തപുരം5273, കോട്ടയം 3569, കൊല്ലം2806, തൃശൂർ 1921, കോഴിക്കോട്1711, ആലപ്പുഴ1559, മലപ്പുറം1349, പത്തനംതിട്ട1322, ഇടുക്കി 1252, പാലക്കാട്1120, കണ്ണൂർ 1061, വയനാട്512, കാസർഗോഡ്340.

# മാധ്യമങ്ങളെ വിലക്കണം; ദിലീപിൻെറ ഹർജിയിൽ കൂടുതൽ സമയം തേടി

കൊച്ചി: യുവനടിയെ ആക്രമിച്ച കേസിൻറെ വിവരങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത് വിചാരണ പൂർത്തിയാകുന്നതുവരെ തടയണമെന്നാവശ്യപ്പെട്ട് കേസിൽ പ്രതിയായ നടൻ ദിലീപ് നൽകിയ ഹർജിയിൽ വിശദീകരണം നൽകാൻ പ്രോസിക്യൂഷൻ കൂടുതൽ സമയം തേടി. തുടർന്ന് ഹർജി ജസ്റ്റീസ് ഡോ. കൗസർ എടപ്പഗത്ത് ഹർജി അടുത്ത ബുധനാഴ്ചയിലേക്കു മാറ്റി.

കേസിൻറെ രഹസ്യ വിചാരണ നടന്നുവരുന്ന സാഹചര്യത്തിൽ കോടതി നടപടിക്രമങ്ങളും കേസുമായി ബന്ധപ്പെട്ട വിവരങ്ങളും പ്രസിദ്ധീകരിക്കുന്നതു തടഞ്ഞ് വിചാരണക്കോടതി നേരത്തെ ഉത്തരവിറക്കിയിരുന്നു. ഇതു ലംഘിച്ച് അച്ചടി, ദൃശ്യ മാധ്യമങ്ങളും സോഷ്യൽ മീഡിയയും വാർത്തകളും വസ്തുതകളും പുറത്തുവിടുകയാണെന്നു ഹർജിയിൽ ആരോപിച്ചിരുന്നു.

ഈ വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ സിംഗിൾബെഞ്ച് നേരത്തെ നിർദേശിച്ചിരുന്നു. വിചാരണക്കോടതിയുടെ ഉത്തരവു ലംഘിച്ചെന്ന് കണ്ടെത്തിയാൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും പറഞ്ഞിരുന്നു. ഇതനുസരിച്ച് റിപ്പോർട്ടർ ചാനലിനും എം.വി. നികേഷ് കുമാറിനുമെതിരേ കേസ് രജിസ്റ്റർ ചെയ്തെന്ന് ഹർജി പരിഗണിച്ചപ്പോൾ സർക്കാർ വ്യക്തമാക്കി.

# പൊതുവിദ്യാലയങ്ങളിലെ ക്ലാസ്: അധിക മാർഗരേഖ പ്രസിദ്ധീകരിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ പഴയ സ്കൂൾ കാലം തിരിച്ചുപിടിക്കാൻ തീരുമാനിച്ച് സർക്കാർ. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ മാസം 14ന് ക്ലാസുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി അധിക മാർഗരേഖ പ്രസിദ്ധീകരിക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വിദ്യാലയങ്ങൾക്കുള്ള വിശദമായ മാർഗരേഖ മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു. അധിക മാർഗരേഖ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരും ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു.

പരീക്ഷയ്ക്ക് മുമ്പ് പാഠഭാഗങ്ങൾ മുഴുവൻ പഠിപ്പിക്കുകയും എല്ലാ പരീക്ഷകളും യഥാസമയം നടത്തുകയും ചെയ്യും. പുതിയ വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം കുട്ടികളുടെ അക്കാദമിക് കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കഴിഞ്ഞ ദിവസം 10, 11, 12 ക്ലാസുകൾക്കും ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ക്ലാസുകൾ തുടങ്ങിയിരുന്നു. ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷകളും വിജയകരമായി നടത്തി. പനി, കോവിഡ് ലക്ഷണങ്ങൾ ഉണ്ടായിരുന്ന 1,500 പേർക്കാണ് പരീക്ഷ എഴുതുന്നതിനുള്ള പ്രത്യേക സൗകര്യം ഒരുക്കിയത്. നവംബറിൽ സ്കൂളുകൾ തുറന്നിരുന്നു എങ്കിലും ഉച്ചവരെയായിരുന്നു ക്ലാസുകൾ നടന്നിരുന്നത്.

## ടെണ്ടർ ക്ഷണിച്ചു

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മൊബൈൽ അക്വാലാബിനായി ഫോട്ടോമീറ്റർ മോഡൽ ബ്ലൂടൂത്ത് സ്റ്റാൻഡേർഡ് കിറ്റ് വാങ്ങുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു.

നികുതി ഉൾപ്പെടെയുള്ള വിലയാണ് രേഖപ്പെടുത്തേണ്ടത്. ടെണ്ടർ ഫോം ഫെബ്രുവരി 21 വൈകിട്ട് അഞ്ച് മണിവരെ നൽകാം. കൂടുതൽ വിവരങ്ങൾക്ക് 0474 2792850, 9447192850, 9496007027.

# പൊതുവിദ്യാലയങ്ങളിലെ ക്ളാസ്: അധിക മാർഗരേഖ പ്രസിദ്ധീകരിക്കും

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ മാസം 14ന് ക്ലാസുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി അധിക മാർഗരേഖ പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. വിദ്യാലയങ്ങൾക്കുള്ള വിശദമായ മാർഗരേഖ മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു. അധിക മാർഗരേഖ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരും ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടക്കുകയാണെന്ന് മന്ത്രി അറിയിച്ചു.

പരീക്ഷയ്ക്ക് മുമ്പ് പാഠഭാഗങ്ങൾ മുഴുവൻ പഠിപ്പിക്കും. എല്ലാ പരീക്ഷകളും യഥാസമയം നടത്തുമെന്നും മന്ത്രി പറഞ്ഞു. ഹയർസെക്കൻഡറി ഒന്നാം വർഷ പരീക്ഷകൾ വിജയകരമായി നടത്തി. പനി, കോവിഡ് ലക്ഷണങ്ങൾ ഉണ്ടായിരുന്ന 1500 പേർക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു. കുട്ടികളുടെ അക്കാഡമിക് കാര്യങ്ങൾക്കൊപ്പം ആരോഗ്യ കാര്യങ്ങൾക്കും വകുപ്പ് പ്രാധാന്യം നൽകുന്നു. പുതിയ വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം കുട്ടികളുടെ അക്കാഡമിക് കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുമെന്ന് മന്ത്രി പറഞ്ഞു.

## ധനസഹായം അനുവദിച്ചു

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പടവുകൾ പദ്ധതിയിലൂടെ ആറ് വിദ്യാർത്ഥികൾക്ക് കൂടി സഹായം അനുവദിച്ചു. പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർഥികൾക്കാണ് സഹായം. വനിതാശിശുവികസന വകുപ്പ് പോർട്ടൽ മുഖേന ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കാം.

എ ഡി. എം. എൻ. സാജിത ബീഗത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് അംഗീകാരം നൽകിയത്.

# ശിരോവസ്ത്രത്തിൽ തീ പടർത്തി കർണാടക; സ്കൂളുകളും കോളജുകളും അടച്ചു

ബംഗളൂരു: കർണാടകയിൽ ശിരോവസ്ത്ര വിവാദം കാന്പസുകൾ വിട്ട് നിരത്തിലേയ്ക്കിറങ്ങിയതോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളും കോളജുകളും മൂന്നു ദിവസത്തേക്ക് അടച്ചു. ബംഗളൂരുവിൽ നടന്ന ഉന്നതതല യോഗത്തിനുശേഷം മുഖ്യമന്ത്രി ബസവ് രാജ് ബൊമ്മെയാണ് ഇക്കാര്യം അറിയിച്ചത്.

കാന്പസുകളിൽ സമാധാനം നിലനിർത്തണമെന്നും എല്ലാവരും സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. ശിരോവസ്ത്ര ധാരണം സംബന്ധിച്ച ഹൈക്കോടതി വിധി കാത്തിരിക്കുകയാണെന്നും കോടതി തീരുമാനം എന്തായാലും അതു നടപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, ശിരോവസ്ത്ര വിവാദം ഇന്നും സംസ്ഥാനത്തെ നിരവധി കോളജുകളെ സംഘർഷഭരിതമാക്കി. മാണ്ഡ്യ പിഇഎസ് കോളജിൽ ശിരോവസ്ത്രം ധരിച്ചെത്തിയ വിദ്യാർഥിനിയെ കാവി ഷാളുകൾ ധരിച്ചെത്തിയ ഒരുസംഘം വിദ്യാർഥികൾ തടഞ്ഞു. പോലീസെത്തി വിദ്യാർഥികളെ പിന്തിരിപ്പിക്കുകയായിരുന്നു.

ഇരുവിഭാഗം വിദ്യാർഥികൾ തമ്മിൽ സംഘർഷം രൂക്ഷമായതോടെ ശിവമോഗ ജില്ലയിൽ രണ്ടു ദിവസത്തേക്ക് നിരോധനാജ്ഞ പ്രഖ്യാപിച്ചു. ശിവമോഗ ഗവ. കോളജിൽ ശിരോവസ്ത്ര ധാരണത്തിൽ പ്രതിഷേധിച്ച് കാവി ഷാൾ ധരിച്ചെത്തിയ ഒരുസംഘം വിദ്യാർഥികൾ കോളജിനുമുന്നിൽ കാവി പതാക ഉയർത്തുന്നതിനിടെ പുറത്തുനിന്ന് കല്ലേറുണ്ടാകുകയും ഇതു സംഘർഷത്തിൽ കലാശിക്കുകയുമായിരുന്നു.

ബാഗൽകോട്ട് ജില്ലയിലെ ബനാഹാട്ടിയിലും ശിവമോഗയിലെ ബാപ്പുജിനഗർ ഗവ.പ്രീയൂണിവേഴ്സിറ്റി കോളജിലും ഇരുവിഭാഗം വിദ്യാർഥികൾ തമ്മിൽ ഏറ്റുമുട്ടി. വിജയപുര ജില്ലയിലെ ഇൻഡി ടൗണിലുള്ള സന്ദേശ്വർ പിയു സി കോളജിൽ ശിരോവസ്ത്രവും കാവി ഷാളും ധരിച്ചെത്തിയ വിദ്യാർഥികളെ പ്രവേശനകവാടത്തിനുമുന്നിൽ കോളജ് അധികൃതർ തടഞ്ഞു. കോളജിന് രണ്ടു ദിവസത്തേക്ക് അവധി നൽകിയിരിക്കുകയാണ്.

ഉഡുപ്പി, ചിക്മഗളൂരു ജില്ലകളിലെ കോളജുകളിലാണ് ശിരോവസ്ത്രധാരണത്തിനെതിരേ ആദ്യം പ്രതിഷേധം ഉയർന്നത്. ഇതിനെതിരേ ഒരു വിഭാഗം വിദ്യാർഥികൾ കാവി ഷാൾ ധരിച്ചെത്താൻ തുടങ്ങിയതോടെ യൂണിഫോം അല്ലാതെ മറ്റൊരു വേഷവും അനുവദിക്കില്ലെന്ന നിലപാട് കോളജ് അധികൃതർ സ്വീകരിക്കുകയായിരുന്നു.

കാന്പസുകളിൽ യൂണിഫോം മാത്രമേ പാടുള്ളൂവെന്ന നിലപാട് സംസ്ഥാന സർക്കാരും സ്വീകരിച്ചെങ്കിലും ഇതു ലംഘിച്ച് വീണ്ടും ശിരോവസ്ത്രം ധരിച്ച് വിദ്യാർഥിനികൾ എത്തിയത് സംഘർഷത്തിൽ കലാശിക്കുകയായിരുന്നു.



ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കുന്നതിൽ സിൽറ്റ് പുഷറിന്റെ ട്രയൽ റൺ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിക്കുന്നു

# വാട്ടർ അതോറിറ്റിയിൽ ഉപഭോക്തൃ സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ

പുതിയ കുടിവെള്ള കണക്ഷൻ, സിവറേജ് കണക്ഷൻ എന്നിവയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കാം. ജലഗുണനിലവാര പരിശോധനയ്ക്കുള്ള അപേക്ഷകളും ഓൺലൈൻ വഴി നൽകാം. ഈ സേവനങ്ങൾക്കെല്ലാം ഓൺലൈൻ വഴി പണമടയ്ക്കുകയും ചെയ്യാം. ഇതുൾപ്പെടെ കേരള വാട്ടർ അതോറിറ്റിയിൽ ഉപഭോക്താക്കൾക്ക് സമ്പൂർണ ഡിജിറ്റൽ സേവനം നൽകാനും സേവനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഭൗതിക സമ്പർക്കം ഒഴിവാക്കാനുമുള്ള നടപടികൾ പൂർത്തിയായി.

കേരളം സമ്പൂർണ ഡിജിറ്റൽ ഭരണ സംസ്ഥാനമാകുന്നതുമായി ബന്ധപ്പെട്ട്, ഉപഭോക്തൃ സേവനങ്ങൾ പൂർണമായും ഡിജിറ്റൽ രീതിയിൽ ലഭ്യമാക്കാനായി ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പ്രകാരമാണ് നടപടികൾ. കോവിഡ് പ്രോട്ടോക്കോൾ, ഹരിത പ്രോട്ടോക്കോൾ എന്നിവ പൂർണമായി പാലിക്കുന്നതിന്റെ കൂടി ഭാഗമായാണ് സമ്പൂർണ ഡിജിറ്റൽ സേവനം നൽകുന്നത്.

ഉപഭോക്താക്കൾക്കുള്ള എല്ലാ ബില്ലുകളും രസീതുകളും സർട്ടിഫിക്കറ്റുകളും ഡിജിറ്റലായി ലഭ്യമാക്കും. പരാതികളും അപേക്ഷകളും ഡിജിറ്റൽ ആയി സ്വീകരിക്കും. എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഔദ്യോഗിക വെബ്സൈറ്റിൽ ഡാഷ് ബോർഡ് നൽകും. വാട്ടർ ചാർജ് വെബ്സൈറ്റിലെ ഇ-പേ ലിങ്ക് വഴിയോ യുപിഐ ആപ്പുകൾ വഴിയോ ഓൺലൈൻ ആയി അടയ്ക്കാം. വാട്ടർ ബില്ലുകൾ, ഉപഭോക്താക്കൾ റജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പരിൽ എസ്എംഎസ് ആയി ലഭിക്കും. വാട്ടർ ചാർജ് അടയ്ക്കാനും മറ്റുള്ള ഓൺലൈൻ സേവനങ്ങൾ ലഭിക്കാനും www.kw-a.k-er-a-l-a.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കണം. പരാതികൾക്കും അന്വേഷണങ്ങൾക്കുമായി 1916 എന്ന ടോൾഫ്രീ നമ്പരിൽ വിളിക്കാം. പുതിയ കണക്ഷൻ ലഭിക്കാൻ വാട്ടർ അതോറിറ്റി ഓഫിസുകളിൽ നേരിട്ടെത്താതെ ഓൺലൈൻ വഴി അപേക്ഷിക്കുന്നതിനുള്ള സംവിധാനമാണ് ഇ-ടാപ്പ് എന്ന പേരിൽ നടപ്പിലാക്കുന്നത്. പ്രാരംഭഘട്ടത്തിൽ രണ്ടു സെക്ഷൻ ഓഫിസുകളിൽ മാത്രം പരീക്ഷണാർഥം നടപ്പിലാക്കിയ ഓൺലൈൻ കണക്ഷൻ സൗകര്യം എല്ലാ കണക്ഷനുകൾക്കും ലഭ്യമാക്കുകയാണ്.

എല്ലാ സേവനങ്ങളും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ സമയബന്ധിതമായി ലഭ്യമാക്കാൻ അടിയന്തര നടപടി കൈക്കൊള്ളാൻ മാനേജിങ് ഡയറക്ടർ എസ്. വെങ്കടേസപതി ജീവനക്കാർക്കു നിർദേശം നൽകി.

## വാവ സുരേഷിനെ വിലക്കാൻ ആർക്കും അധികാരമില്ല; വനം വകുപ്പിനെതിരെ മന്ത്രി വാസവൻ

കോട്ടയം: വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ മന്ത്രി വി.എൻ. വാസവൻ. പാമ്പിനെ പിടിക്കാൻ വാവ സുരേഷിനെ വിളിക്കരുതെന്നു പറയാൻ ഫോറസ്റ്റുകാർക്കു കഴിയില്ലെന്നു വാസവൻ പറഞ്ഞു. ഉദ്യോഗസ്ഥർക്കു കുശുമ്പാണെന്നും മന്ത്രി പരിഹസിച്ചു.

വാവ സുരേഷിൻറെ പാന്പുപിടിത്ത രീതി അംഗീകരിക്കുവാൻ കഴിയില്ലെന്ന വനം വകുപ്പ് അധികൃതരുടെ നിലപാടിനോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പാന്പ് പിടിക്കാനായി പ്രത്യേക ഹുക്കും ബാഗും നൽകാറുണ്ട്. ഇത്തരം മുൻകരുതൽ ഇല്ലാതെയാണ് വാവ സുരേഷും അദ്ദേഹത്തെ അനുകരിക്കുന്നവരും പാന്പിനെ പിടിക്കുന്നത്. ഇത് അംഗീകരിക്കാനാവില്ലെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

പാന്പിനെ പിടികൂടിക്കഴിഞ്ഞാൽ അപ്പോൾത്തന്നെ ബാഗിനുള്ളിൽ ആക്കണം. പ്രദർശിപ്പിക്കാൻ പാടില്ല. എന്നാൽ, വാവ സുരേഷ് പാന്പിനെ പിടിച്ചുകഴിഞ്ഞാൽ പൊതു ജനങ്ങൾക്കു മുന്പാകെ പ്രദർശിപ്പിക്കും. കഴിഞ്ഞ ദിവസം കുറിച്ചിയിൽ സംഭവിച്ചതും ഇതു തന്നെയാണെന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു.

വാവാ സുരേഷ് അനുഭവ പരിചയമുള്ള പാമ്പു പിടിത്തക്കാരനാണ്. എന്നാലും വനംവകുപ്പിൻറെ പരിശീലന പരിപാടിയിൽ പങ്കെടുക്കണം. ഇതിൽ പങ്കെടുത്തു സർട്ടിഫിക്കറ്റ് നേടിയാലേ പാമ്പിനെ പിടിക്കാനാവൂ. അല്ലാത്തവർക്കെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാനാവുമെന്ന് വനംവകുപ്പ് അറിയിച്ചു.

# സംസ്ഥാന കായകൽപ്പ് അവാർഡ് പ്രഖ്യാപിച്ചു

കഴിഞ്ഞ വർഷത്തെ സംസ്ഥാന കായകൽപ്പ് അവാർഡ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം പരിപാലനം, അണുബാധ നിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച അവാർഡാണ് കായകൽപ്പ്. ജില്ലാതല ആശുപത്രികളിൽ 92.75 ശതമാനം സ്കോർ നേടി കൊല്ലം ജില്ലാ ആശുപത്രിയും, എറണാകുളം ജനറൽ ആശുപത്രിയും ഒന്നാം സ്ഥാനം പങ്കിട്ടു. 50 ലക്ഷം രൂപയാണ് അവാർഡ്. ജില്ലാ തലത്തിൽ 89.24 ശതമാനം സ്കോറോടെ രണ്ടാം സ്ഥാനമായ 20 ലക്ഷം രൂപയുടെ അവാർഡ് തൃശൂർ ജനറൽ ആശുപത്രി നേടി. ജില്ലാതലത്തിൽ 70 ശതമാനത്തിൽ കൂടുതൽ സ്കോർ നേടിയ ആറ് ആശുപത്രികൾ മൂന്നു ലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡുകളും നേടി.

സബ് ജില്ലാ തലത്തിൽ കൊല്ലം പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (91.06 ശതമാനം) ഒന്നാം സ്ഥാനമായ 15 ലക്ഷം രൂപയുടെ അവാർഡ് കരസ്ഥമാക്കി. രണ്ടാം സ്ഥാനമായ 10 ലക്ഷം രൂപ കോഴിക്കോട് താമരശേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (89.95 ശതമാനം) നേടി. സബ് ജില്ലാതലത്തിൽ 70 ശതമാനത്തിൽ കൂടുതൽ സ്കോർ നേടിയ ഏഴ് ആശുപത്രികൾക്ക് ഒരുലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡുകൾ ലഭിക്കും.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാം സ്ഥാനമായ മൂന്നു ലക്ഷം രൂപയ്ക്ക് തൃശൂർ പെരിഞ്ഞനം സി.എച്ച്.സി (91.29 ശതമാനം) അർഹത നേടി. 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 13 ആശുപത്രികൾക്ക് ഒരുലക്ഷം രൂപ വീതം കമൻഡേഷൻ അവാർഡ് ലഭിക്കും.

അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗങ്ങളെ മൂന്ന് ക്ലസ്റ്റർ ആയി തിരിച്ചാണ് അവാർഡ് നൽകിയത്. അതിൽ ഒന്നാം ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ തിരുവല്ല, പത്തനംതിട്ട (99.2 ശതമാനം) രണ്ടുലക്ഷം രൂപ കരസ്ഥമാക്കി. രണ്ടാം സ്ഥാനമായ 1.5 ലക്ഷം രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മാമ്പഴക്കര, തിരുവനന്തപുരം (96.3 ശതമാനം) കരസ്ഥമാക്കി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മുട്ടട, തിരുവനന്തപുരം (95.8 ശതമാനം) ഒരു ലക്ഷം രൂപയുടെ മൂന്നാം സ്ഥാനത്തിന് അർഹരായി.

സെക്കന്റ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വി.ആർ. പുരം തൃശൂർ (98.3 ശതമാനം) ഒന്നാം സ്ഥാനവും, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ ഗോസായിക്കുന്ന്, തൃശൂർ (97.9 ശതമാനം) രണ്ടാം സ്ഥാനവും, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ എളമാൻതോപ്പ്, എറണാകുളം (96.3 ശതമാനം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

തേർഡ് ക്ലസ്റ്ററിൽ അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വെട്ടേക്കോട്, മലപ്പുറം 92.9 ശതമാനത്തോടെ ഒന്നാം സ്ഥാനവും അർബൻ പ്രൈമറി ഹെൽത്ത് സെന്റർ പുളിങ്കുന്ന്, കാസർഗോഡ് 90 ശതമാനത്തോടെ രണ്ടാം സ്ഥാനവും അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കൽപ്പറ്റ, വയനാട് 87.9 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. നഗരപ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 9 ആശുപത്രികൾക്ക് 50,000 രൂപ വീതം കമൻഡേഷൻ അവാർഡ് ലഭിക്കും.

പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ എല്ലാ ജില്ലകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച പ്രാഥമികാരോഗ്യ കേന്ദ്രത്തിന് രണ്ട് ലക്ഷം രൂപ വീതവും ജില്ലയിൽ തന്നെ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ച രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 50,000 രൂപ വീതവും അവാർഡ് ലഭിക്കും.

എഫ്.എച്ച്.സി. കാട്ടാക്കട ന്യൂ ആമച്ചൽ, തിരുവനന്തപുരം (92.5 ശതമാനം), എഫ്.എച്ച്.സി. അഴീക്കൽ, കൊല്ലം (86.3 ശതമാനം), പിഎച്ച്സി പാണാവള്ളി, ആലപ്പുഴ (81 ശതമാനം), പിഎച്ച്സി പുന്നപ്ര സൗത്ത് (81 ശതമാനം), എഫ്എച്ച്സി ഓമല്ലൂർ പത്തനംതിട്ട (94.2 ശതമാനം), എഫ്എച്ച്സി മുത്തോലി, കോട്ടയം (87.9 ശതമാനം), പിഎച്ച്സി കോടിക്കുളം, ഇടുക്കി (85 ശതമാനം), എഫ്എച്ച്സി രായമംഗലം, എറണാകുളം (91.7 ശതമാനം), എഫ്എച്ച്സി മാടവന, തൃശൂർ (96.7 ശതമാനം), എഫ്എച്ച്സി പൂമംഗലം, തൃശൂർ (96.7 ശതമാനം), എഫ്എച്ച്സി വെല്ലിനേഴി, പാലക്കാട് (80.3 ശതമാനം), എഫ്എച്ച്സി വഴക്കാട്, മലപ്പുറം (97 ശതമാനം), എഫ്എച്ച്സി നരിപ്പറ്റ, കോഴിക്കോട് (97.1 ശതമാനം), എഫ്.എച്ച്.സി. എടവക, വയനാട് (97.9 ശതമാനം). എഫ്എച്ച്സി ന്യൂ മാഹി, കണ്ണൂർ (95.6 ശതമാനം), എഫ്എച്ച്സി പാണത്തൂർ, കാസർഗോഡ് (98.3 ശതമാനം) എന്നിവയാണ് പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയവർ.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 28 ആശുപത്രികൾക്ക് 50,000 രൂപ വീതം കമൻഡേഷൻ അവാർഡുകൾ ലഭിക്കും.

കേരളത്തിലെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന മികച്ച ആശുപത്രികൾക്കാണ് കായകൽപ്പ് അവാർഡ് നൽകുന്നത്.

# വിഎച്ച്എസ്ഇ നാഷണൽ സർവീസ് സ്കീമിന് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സ് അംഗീകാരം

തിരുവനന്തപുരം: 2021 നവംബറിൽ കോവിഡ് ലോക്ഡൗണാനന്തരം സ്കൂൾ തുറക്കുന്നതിനു മുന്നൊരുക്കമായി പൊതു വിദ്യാഭ്യാസ വകുപ്പ് വിഎച്ച്എസ്ഇ നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ച വെബിനാർ സീരിസിന് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സ് അംഗീകാരം.

ഒരു മാസകാലയളവിൽ ഏറ്റവും കൂടുതൽ വെബിനാറുകൾ സംഘടിപ്പിച്ചതിനാണ് അംഗീകാരം. ഒക്ടോബർ 15 മുതൽ നവംബർ 15 വരെയുള്ള 31 ദിവസ കാലയളവിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള 252 വിദ്യാഭ്യാസ വെബിനാറുകളാണ് സംഘടിപ്പിക്കപ്പെട്ടിരുന്നത്. മനോഭാവ നിർമ്മാണം, ജീവിത നൈപുണികൾ, ക്രിയാത്മക നൈപുണികൾ, ആരോഗ്യ ജാഗ്രത, ടെക്നോക്രാഫ്റ്റ് ചെയ്ഞ്ച് ആന്റ് ക്രൈസിസ് മാനേജ്മെന്റ് എന്നീ പ്രമേയങ്ങളോടെ 249 സ്കൂൾ എൻ എസ് എസ് യൂണിറ്റുകൾ വെബിനാർ സീരിസിൽ വിഷയാവതരണങ്ങൾ നടത്തിയിരുന്നു.

സംസ്ഥാന ദേശീയ തലങ്ങളിലെ വിഷയ വിദഗ്ദർ അവതാരകരായി എത്തിയ സീരീസിൽ വിവിധ വിഷയ മേഖലകളിൽ ഗ്രാഹ്യമുള്ള വിദ്യാർത്ഥി പ്രതിഭകളും റിസോഴ്സ് പേഴ്സണായി പങ്കെടുത്തിരുന്നു. സംഘടിപ്പിക്കപ്പെട്ട 252 വെബിനാറുകളിൽ യുട്യൂബ് സ്ക്രീനിങ്ങിലൂടെ ഏറ്റവും കൂടുതൽ പേർ 131 സെഷനുകളാണ് ഇൻഡ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയത്. ഒരു മാസത്തെ സബ്സ്ക്രിപ്ഷനിൽ 500 പേർക്ക് പങ്കെടുക്കാവുന്ന സൂം പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കപ്പെട്ട പരമാവധി എണ്ണം വെബിനാറുകൾ എന്ന നിലയിൽ ഈ നേട്ടം ഏഷ്യാ ബുക്ക് ഓഫ് റെക്കോർഡ്സിനും പരിഗണിക്കപ്പെട്ടിട്ടുണ്ട്. സമീപ ഭാവിയിൽ പ്രഖ്യാപനം പ്രതീക്ഷിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പ് വിഎച്ച്എസ്ഇ നാഷണൽ സർവീസ് സ്കീമിന്റെ നേട്ടത്തെ മന്ത്രി അഭിനന്ദിച്ചു.

## ജി.പി.എ.ഐ.എസ് പ്രീമിയം മാർച്ച് 31 വരെ

സർക്കാർ ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) 2022 വർഷത്തേക്കുള്ള പ്രീമിയം ഒടുക്കുന്നതിനുള്ള സമയപരിധി മാർച്ച് 31 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായി. 2021 ഡിസംബർ 31 ന് മുമ്പ് സർവീസിൽ പ്രവേശിച്ച എല്ലാ ജീവനക്കാരും ശൂന്യവേതനാവധിയിലുള്ളവർ (ഗടഞ തകകഅ ഗടഞതകകഒ ഒഴികെ) അന്യത്ര സേവനത്തിലുള്ളവർ, മറ്റെന്തെങ്കിലും രീതിയിൽ അവധിയിലുള്ളവർ പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ ഉൾപ്പെടെ എല്ലാ ജീവനക്കാരും 31.03.2022 ന് മുമ്പ് പ്രീമിയം, 8658-102-88 ടൗ ്യുലിലെ മരരീൗിേ ഏജഅക ഊിറ എന്ന ശീർഷകത്തിൽ ഒടുക്കി 2022 ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വമെടുക്കണം. എല്ലാ ഉഉത (ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ) മാരും അവരുടെ കീഴിലുള്ള എല്ലാ ജീവനക്കാരും ഏജഅകട അംഗത്വം എടുത്തുവെന്ന് ഉറപ്പുവരുത്തണമെന്നും ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ക്രിയാശാരീര വകുപ്പിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു.

ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും gov-tayurv-e-d-a-c-o-l-l-e-g-e-tvpm@gm-a-i-l.com ൽ ഇമെയിൽ ചെയ്യണം.

അപേക്ഷകൾ 16 വരെ സ്വീകരിക്കും.

## വിമുക്തി ജില്ലാ മിഷൻ കോ ഓർഡിനേറ്റർ

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള വിമുക്തി പദ്ധതിയുടെ തിരുവനന്തപുരം ജില്ലയിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്. പ്രായപരിധി 23നും 60നും മധ്യേ. ശമ്പളം- 50,000 രൂപ. യോഗ്യത- സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി, വിമൻസ് സ്റ്റഡീസ്, ജൻഡർ സ്റ്റഡീസ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദാനന്തര ബിരുദം. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ മിഷനുകളിലോ പ്രൊജക്ടുകളിലോ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. അപേക്ഷ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് ഡിവിഷൻ ഓഫീസ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം-695023 എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0471-2473149, അപേക്ഷ 28ന് വൈകിട്ട് അഞ്ച് വരെ സ്വീകരിക്കും.

# പ്രവാസി ഐ. ഡി. കാർഡ് ഇൻഷുറൻസ് തുക വിതരണം ചെയ്തു

വിദേശത്ത് വാഹനാപകടത്തിൽ മരിച്ച പ്രവാസി യുവാവിന്റെ കുടുംബത്തിന് നോർക്ക റൂട്ട്സിന്റെ പ്രവാസി ഐ.ഡി കാർഡ് വഴിയുള്ള ഇൻഷുറൻസ് തുക കൈമാറി. കൊല്ലം കൊട്ടാരക്കര കലാഭവനിൽ കിരണിന്റെ കുടുംബത്തിന് വേണ്ടി പിതാവ് ശിവദാസൻ നാലു ലക്ഷം രൂപയുടെ ചെക്ക് നോർക്ക റൂട്ട്സ് സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരിയിൽ നിന്ന് ഏറ്റുവാങ്ങി. 2021 സെപ്തംബറിൽ ഒമാനിലെ നിസ്വയിലുണ്ടായ അപകടത്തിലാണ് കിരൺ മരിച്ചത്.

2021 - 2022 സാമ്പത്തിക വർഷത്തിൽ നോർക്ക റൂട്ട്സ് പ്രവാസി ഐ.ഡി കാർഡ് വഴി 18 പേർക്കായി 36.20 ലക്ഷം രൂപ ഇൻഷുറൻസ് തുക വിതരണം ചെയ്തിട്ടുണ്ട്. അപകട മരണത്തിന് നാലു ലക്ഷവും അംഗവൈകല്യത്തിന് രണ്ടു ലക്ഷം രൂപ വരെയുമാണ് ഇൻഷുറൻസ് പരിരക്ഷ. നേരത്തേ രണ്ടു ലക്ഷം രൂപയായിരുന്ന മരണാനന്തര പരിരക്ഷ 2021 ഏപ്രിൽ മുതലാണ് നാലു ലക്ഷമായി ഉയർത്തിയത്.

മൂന്നു വർഷമാണ് ഐ.ഡി കാർഡിന്റെ കാലാവധി. 18 മുതൽ 70 വയസ്സുവരെയുള്ള പ്രവാസികൾക്ക് അംഗമാകാവുന്നതാണ്. അംഗമാകുന്നതിനും പുതുക്കുന്നതിനും 315 രൂപയാണ് അപേക്ഷാഫീസ്.

കൂടുതൽ വിവരങ്ങൾക്ക് www.nor-k-aroo-ts.or-g എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 1800 425 3939 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. 0091 880 20 12345 എന്ന നമ്പരിൽ മിസ്സ്ഡ് കോൾ സർവീസും ലഭ്യമാണ്.

## കാബൂൾ സ്ഫോടനം; ഐഎസ് നേതാവിനെക്കുറിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം

വാഷിങ്ടൺ: അഫ്ഗാനിലെ കാബൂൾ വിമാനത്താവളത്തിൽ സ്ഫോടനം നടത്തിയ ഭീകരവാദ സംഘടനയായ ഐഎസ് ഖൊറാസൻ (ഐഎസ്ഐഎസ്കെ) തലവൻ സനാവുള്ള ഘഫാരിയെ കുറിച്ച് വിവരം നൽകുന്നവർക്ക് 10 മില്യൺ ഡോളർ (75 കോടി) പാരിതോഷികം പ്രഖ്യാപിച്ച് യുഎസ്. ഭീകരാക്രമണത്തിന് സഹായിച്ചവരെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നവർക്കും പ്രതിഫലം പ്രഖ്യാപിച്ചിട്ടുണ്ട്.

റിവാർഡ്സ് ഫോർ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് 26 ന് കാബൂളിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടന്ന ആക്രമണത്തിന്റെ ഉത്തരവാദിത്തം ഐഎസ്ഐഎസ്കെ ഏറ്റെടുത്തിരുന്നു. 185 പേരാണ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്.

ഐഎസ്ഐഎസിന്റെ അഫ്ഗാനിസ്ഥാനിലെ പ്രാദേശിക വിഭാഗമാണ് ഐഎസ്ഐഎസ്കെ. 1994ൽ അഫ്ഗാനിസ്ഥാനിൽ ജനിച്ച ഘഫാരി ഐഎസ്ഐഎസ്കെ യുടെ നിലവിലെ തലവനാണ്. 2020 ജൂണിലായിരുന്നു ഘഫാരിയെ ഐഎസ്ഐഎസ്കെയുടെ തലവനായി നിയമിച്ചത്. അഫ്ഗാനിസ്ഥാനിൽ ഉടനീളമുള്ള എല്ലാ ഐഎസ്ഐഎസ്കെ ഓപ്പറേഷനുകൾക്കും അംഗീകാരം നൽകുകയും പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ധനസഹായം ക്രമീകരിക്കുകയും ചെയ്യുന്നതും ഘഫാരിയുടെ നേതൃത്വത്തിലാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.